## അല്ലാഹുവിന്റെ വചനം

وَمَا تُنۡفِقُوۡا مِنۡ خَيۡرٍ فَلِاَنۡفُسِكُمۡ ؕ
وَمَا تُنۡفِقُوۡنَ اِلَّا ابۡتِغَآءَ وَجۡهِ اللّٰهِ ؕ
وَمَا تُنۡفِقُوۡا مِنۡ خَيۡرٍ يُّوَفَّ اِلَيۡكُمۡ
وَاَنۡتُمۡ لَا تُظۡلَمُوۡنَ ۝ (سورۃ البقرۃ:273)

ഏതൊരു നല്ലമുതൽ (അല്ലാഹുവിന്റെ മാർഗത്തിൽ)നിങ്ങൾ ചെലവഴിക്കുന്നുവോ അതിന്റെ ഫലം നിങ്ങൾക്കു തന്നെയായിരിക്കും. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടല്ലാതെ നിങ്ങൾ ചെലവഴിക്കുന്നില്ലല്ലോ. ഏതൊരു നല്ലധനം നിങ്ങൾ ചെലവഴിക്കുന്നുവോ അത്(അതിനുള്ള പ്രതിഫലം)നിങ്ങൾക്കു തന്നെയാണ് ലഭിക്കുക. നിങ്ങളോടു അനീതി ചെയ്യപ്പെടുകയുമില്ല.


بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 10

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 32

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ആഗസ്റ്റ് 07 • ഹി.ശം 1404 ള്വുഹൂർ 07 • ഹി:ഖ 1447 സഫർ 12


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അയ്യദഹുല്ലാഹ് പറഞ്ഞു: കശ്തീനൂഹിലുള്ള നമ്മുടെ അധ്യാപനങ്ങളെന്ന ഭാഗം നിർബന്ധമായും എല്ലാ അഹ്മദികളും വായിച്ചിരിക്കേണ്ടതാണ്. എന്നല്ല കശ്തീനൂഹ് മുഴുവനുംതന്നെ വായിച്ചിരിക്കേണ്ടതാണ്.**

**മസീഹിനെ കുരുശിലേറ്റുന്നതിന് സാക്ഷിപറയാൻ കോടതിയിൽ വന്ന മഹാപുരോഹിതനെപ്പോലെ അതിന്നായി അല്ലാഹു മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയെ തിരഞ്ഞെടുക്കുകയും അയാളും നീളമുള്ളൊരു ജുബ്ബ ധരിച്ചുകൊണ്ട് സാക്ഷി പറയാൻ വരികയും ചെയ്തു. ഇവിടെയുണ്ടായ വ്യത്യാസം മഹാപുരോഹിതന് പിലാത്തോസിന്റെ കോടതിയിൽ കസേര ലഭിച്ചിരുന്നുവെന്നതാണ്. കാരണം യഹൂദികളുടെ ആദരണീയരായ മഹൽവ്യക്തികൾക്ക് റോമാഭരണകൂടത്തിൽ കസേര ലഭിച്ചിരുന്നു. അവരിൽ ചിലർ ഓണററി മജിസ്ട്രേറ്റുമാരായിരുന്നു. അതുകൊണ്ട് ഈ മഹാപുരോഹിതന് കോടതി നിയമമനുസരിച്ച് കസേര ലഭിച്ചു. മസീഹുബ്നുമർയം ഒരു കുറ്റവാളിയെപ്പോലെ കോടതി മുമ്പാകെ നില്ക്കുകയായിരുന്നു. പക്ഷേ, എന്റെ കേസ്സിൽ ഇതിനു നേരെ വിപരീതമാണുണ്ടായത്. അതായത് ശത്രുക്കളുടെ പ്രതീക്ഷകൾക്ക് വിരുദ്ധമായി പിലാത്തോസിന്റെ സ്ഥാനത്ത് കോടതിയൽ ഉപവിഷ്ഠനായിരുന്ന ക്യാപ്റ്റൻ ഡഗ്ലസ് എനിക്ക് ഇരിക്കുവാൻ കസേര തന്നു. ഈ പിലാത്തോസ് മസീഹുബ്നു മർയമിന്റെ കാലത്തെ പിലാത്തോസിനേക്കാൾ സദ്ഗുണനാണെന്ന് സ്ഥാപിതമായി. കാരണം കോടതി സംബന്ധമായ കാര്യത്തിൽ അദ്ദേഹം ധൈര്യവും സ്ഥിരചിത്തതയും കാണിച്ചുകൊണ്ട് കോടതി നിയമങ്ങൾക്കു വിധേയനായിത്തീരുകയും മേൽത്തട്ടിൽനിന്നുള്ള ശിപാർശകൾക്ക് ഒരു വിലയും കല്പിക്കാതിരിക്കുകയും ചെയ്തു. സാമുദായികവും മതപരവുമായ ചിന്തയും അദ്ദേഹത്തിൽ ഒരു മാറ്റവും ഉണ്ടാക്കിയില്ല. അദ്ദേഹം കോടതി കാര്യത്തിൽ പരിപൂർണ്ണമായ കീഴ്വഴക്കം സൃഷ്ടിച്ചു. അദ്ദേഹത്തെ സമുദായത്തിന്റെ അഭിമാനവും ഭരണകർത്താക്കൾക്ക് മാതൃകയും ആയി വിശേഷിപ്പിക്കുകയാണെങ്കിൽ അത് തെറ്റായിരിക്കുകയില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلام ന്റെ ഉപദേശങ്ങൾ

എനിക്കെതിരെ കൊടുക്കപ്പെട്ട കേസ്, ഹദ്റത്ത് ഈസാനബിക്കെതിരെ കൊടുത്ത കേസ്സിനേക്കാൾ കഠിനതരമായിരുന്നു. കാരണം ഹദ്റത്ത് ഈസാനബിക്കെതിരെ കൊടുക്കപ്പെട്ട കേസിന് അടിസ്ഥാനം വെറും മതപരമായ ഒരഭിപ്രായ ഭിന്നതയാണ്. ജഡ്ജിയുടെ നോട്ടത്തിൽ അതത്ര ഗൗരവാവഹമായ കാര്യമായിരുന്നില്ല. എന്നല്ല അപ്രസക്തമായിരുന്നു. എന്നാൽ, എനിക്കെതിരെ കൊടുക്കപ്പെട്ട കേസ് വധോദ്യമവുമായി ബന്ധപ്പെട്ടതായിരുന്നു.

മസീഹിന്റെ കേസിൽ യഹൂദി മൗലവിമാർ പോയി സാക്ഷി പറഞ്ഞു. നിർബന്ധമായും എന്റെ കേസിലും മൗലവിമാരിൽനിന്ന് ആരെങ്കിലും സാക്ഷി നല്കേണ്ടതുണ്ടായിരുന്നു. അതുകൊണ്ട് മസീഹിനെ കുരുശിലേറ്റുന്നതിന് സാക്ഷിപറയാൻ കോടതിയിൽ വന്ന മഹാപുരോഹിതനെപ്പോലെ അതിന്നായി അല്ലാഹു മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയെ തിരഞ്ഞെടുക്കുകയും അയാളും നീളമുള്ളൊരു ജുബ്ബ ധരിച്ചുകൊണ്ട് സാക്ഷി പറയാൻ വരികയും ചെയ്തു. ഇവിടെയുണ്ടായ വ്യത്യാസം മഹാപുരോഹിതന് പിലാത്തോസിന്റെ കോടതിയിൽ കസേര ലഭിച്ചിരുന്നുവെന്നതാണ്. കാരണം യഹൂദികളുടെ ആദരണീയരായ മഹൽവ്യക്തികൾക്ക് റോമാഭരണകൂടത്തിൽ കസേര ലഭിച്ചിരുന്നു. അവരിൽ ചിലർ ഓണറ റി മജിസ്ട്രേറ്റുമാരായിരുന്നു. അതുകൊണ്ട് ഈ മഹാപുരോഹിതന് കോടതി നിയമമനുസരിച്ച് കസേര ലഭിച്ചു. മസീഹുബ്നുമർയം ഒരു കുറ്റവാളിയെപ്പോലെ കോടതി മുമ്പാകെ നില്ക്കുകയായിരുന്നു. പക്ഷേ, എന്റെ കേസ്സിൽ ഇതിനുനേരെ വിപരീതമാണുണ്ടായത്. അതായത് ശത്രുക്കളുടെ പ്രതീക്ഷകൾക്ക് വിരുദ്ധമായി പിലാത്തോസിന്റെ സ്ഥാനത്ത് കോടതിയൽ ഉപവിഷ്ഠനായിരുന്ന ക്യാപ്റ്റൻ ഡഗ്ലസ് എനിക്ക് ഇരിക്കുവാൻ കസേര തന്നു. ഈ പിലാത്തോസ് മസീഹുബ്നു മർയമിന്റെ കാലത്തെ പിലാത്തോസിനേക്കാൾ സദ്ഗുണനാണെന്ന് സ്ഥാപിതമായി. കാരണം കോടതി സംബന്ധമായ കാര്യത്തിൽ അദ്ദേഹം ധൈര്യവും സ്ഥിരചിത്തതയും കാണിച്ചുകൊണ്ട് കോടതി നിയമങ്ങൾക്കു വിധേയനായിത്തീരുകയും മേൽത്തട്ടിൽനിന്നുള്ള ശിപാർശകൾക്ക് ഒരു വിലയും കല്പിക്കാതിരിക്കുകയും ചെയ്തു. സാമുദായികവും മതപരവുമായ ചിന്തയും അദ്ദേഹത്തിൽ ഒരു മാറ്റവുമുണ്ടാക്കിയില്ല. അദ്ദേഹം കോടതി കാര്യത്തിൽ പരിപൂർണ്ണമായ കീഴ്വഴക്കം സൃഷ്ടിച്ചു. അദ്ദേഹത്തെ സമുദായത്തിന്റെ അഭിമാനവും ഭരണകർത്താക്കൾക്ക് മാതൃകയുമായി വിശേഷിപ്പിക്കുകയാണെങ്കിൽ അത് തെറ്റായിരിക്കുകയില്ല.

കോടതി ഒരു ദുഷ്കരമായ കാര്യമാണ്. സകല ബന്ധങ്ങളിൽനിന്ന് വേറിട്ടു, കോടതിക്കസേരയിൽ ഇരിക്കാത്തിടത്തോളം ഈ നിർബന്ധകടമ നല്ല നിലയിൽ നിർവഹിക്കുവാൻ സാധിക്കുന്നതല്ല. ഈ പിലാത്തോസ് തന്റെ കടമ പൂർണ്ണമാ

ശേഷം പേജ് 10 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്വ്ബ ജുമുഅ

**അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ കണ്ടുകൊണ്ട് മുസ്‌ലിമീങ്ങളുടെ ഹൃദയം അന്ന് ഈമാൻകൊണ്ട് എത്രമാത്രം നിറഞ്ഞിരുന്നുവെന്നാൽ, മുഹമ്മദു റസൂലുല്ലായുടെﷺ പ്രതാപത്തിൽ അവരുടെ വിശ്വാസം വർധിക്കുകയും ഇബ്‌റാഹീമിന്റെ മകൻ ഇസ്‌മായീലിന് അല്ലാഹു ദൃഷ്ടാന്തമായി നല്കിയ സംസം നീരുറവയിൽനിന്ന് നബിﷺ തിരുമേനി വെള്ളം വരുത്തിക്കുകയും അൽപ്പം കുടിച്ചശേഷം ബാക്കിവെള്ളംകൊണ്ടു വുളു എടുക്കുകയും ചെയ്തപ്പോൾ നബിﷺതിരുമേനിയുടെ ദേഹത്തുനിന്നും ഒരു തുള്ളിവെള്ളംപോലും ഭൂമിയിൽപ്പതിക്കുകയുണ്ടായില്ല. മുസ്‌ലിമീങ്ങൾ ഉടനടി അതു കോരിയെടുക്കുകയും അനുഗ്രഹലബ്ധിയെന്നോണം ദേഹത്ത് പുരട്ടുകയും ചെയ്യുമായിരുന്നു. അതുകണ്ട് അന്യാരാധകർ പറഞ്ഞിരുന്നത് ഞങ്ങൾ ലോകത്ത് ഒരു രാജാവിനേയും പ്രജകൾ ഇത്രയധികം സ്നേഹിക്കുന്നതായി കണ്ടിട്ടില്ലെന്നായിരുന്നു.**

**“നബിﷺതിരുമേനി മക്കാവിജയദിവസം പറഞ്ഞു: അല്ലാഹുമ്മ ഇന്നൽ അയ്ശ അയ്ശുൽ ആഖിറത്തി അല്ലാഹുവേ തീർച്ചയായും യഥാർഥജീവിതം പരലോകജീവിതമാണ്.”**

**മക്കാവിജയദിവസം നബിﷺതിരുമേനിയുടെ കയ്യിൽ ഒരു വില്ലുണ്ടായിരുന്നു. അവിടന്ന് ആ വില്ലിന്റെ ഒരറ്റം പിടിച്ചു. നടന്നുപോകുമ്പോൾ കാണുന്ന എല്ലാ ബിംബങ്ങളുടെയും കണ്ണുകളിൽ അടിക്കുകയും ഇങ്ങനെ പറയുകയും ചെയ്യുമായിരുന്നു:ജാഅൽ ഹഖ്ഖു വ സഹഖൽ ബാത്വിലു ഇന്നൽ ബാത്വില കാന സഹൂഖാ(17:82) സത്യം വന്നു അസത്യം അപ്രത്യക്ഷമായി. അസത്യം അപ്രത്യക്ഷമാകുനന്നതുതന്നെയാണ്.**

**ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബിﷺതിരുമേനി മക്കയിലെ അവിശ്വാസികളോടു പറഞ്ഞു: അഖൂലു കമാ ഖാല യൂസുഫു: ലാ തഥ്‌രീബ അലയ്ക്കുമുൽയൗമ യഗ്ഫിഫുല്ലാഹു ലക്കും വ ഹുവ അർഹമുർറാഹിമീൻ(അസ്സുനനുൽ കുബ്റാ ലിൽബയ്ഹഖ്വി വാല്യം 9, പേജ് 200, ഹദീഥ് 18275, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2003) ഞാനും യൂസുഫ് പറഞ്ഞതുപോലെതന്നെ പറയും. ഇന്നത്തെ ദിവസം നിങ്ങൾക്കെതിരെ ഒരാക്ഷേപവുമില്ല. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരുന്നതാണ്. അവൻ കാരുണ്യവാന്മാരിൽവെച്ചെല്ലാം ഏറ്റവും വലിയ കാരുണ്യവാനാണ്. പൊതുമാപ്പു വിളംബരം ചെയ്തത് കേട്ടപ്പോൾ ആളുകളിപ്പോൾ ഖബ്‌റിൽനിന്ന് പുറത്തുവന്നതേയുള്ളു എന്നു തോന്നുമാറ് പുറത്തിറങ്ങുകയും എല്ലാവരും ഇസ്‌ലാമിൽ പ്രവേശിക്കുകയും ചെയ്തു.**

**സയ്യിദ് മൗലൂദ് അഹ്‌മദ് സാഹിബിന്റെ ഭാര്യ സയ്യിദ ലുബ്നാ അഹ്‌മദ് സാഹിബ, ജർമനിയിലെ മുഹമ്മദു ശഫീഖ് സുബയ്ർ സാഹിബിന്റെ ഭാര്യ നാസ്‌മൂൻ ബീബി സുബയ്ർ സാഹിബ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസഗാഇബും.**

### മക്കാവിജയത്തിന്റെ പശ്ചാത്തലത്തിൽ വിജ്ഞാനരിതമായ ചരിത്രവിവരണം

**ഖുത്‌ബ ജുമുഅ 2025 ജൂലൈ 04, 1404 വഫാ 04, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്‌ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്‌റത്ത് മിർസാ മസ്റൂർ അഹ്‌മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ ○ الرَّحْمٰنِ الرَّحِيمِ ○ مٰلِكِ يَوْمِ الدِّينِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ○ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّآلِّينَ ○

മക്കാവിജയത്തിന്റെ വിവരണത്തിൽ മക്കാപ്രവേശനവുമായി ബന്ധപ്പട്ട സ്ഥിതിഗതികളായിരുന്നു കഴിഞ്ഞ ഖുത്‌ബയിൽ പരാമർശിച്ചത്. അതിന്റെ കൂടുതൽ വിശദീകരണങ്ങൾ ഇപ്രകാരമാണ്. ഹദ്‌റത്ത് ഇബ്‌നു ഇസ്ഹാഖ്ؓ റിപ്പോർട്ട് ചെയ്യുന്നു. തന്റെ മുന്നിലൂടെ കടന്നുപോയ ദൈവിക സൈന്യങ്ങളെ അബൂസുഫിയാൻ നിരീക്ഷിച്ചശേഷം മുസ്‌ലിമീങ്ങളുടെ സമീപത്തെത്തി. ആ നേരത്ത് മുസ്‌ലിമീങ്ങൾ മസ്ജിദുൽഹറാമിൽനിന്ന് പത്തുമൈൽ അകലെ സ്ഥിതിചെയ്യുന്ന ദീത്വുവാ എന്ന പ്രദേശത്തെത്തിയിരുന്നു. സ്വഹാബാക്കൾ അവിടെയെത്തി നബിﷺതിരുമേനിയെ കാത്തിരിക്കുകയായിരുന്നു. അതിനുവേണ്ടി സകല സ്വഹാബാക്കളും അവിടെ സംഘടിച്ചു. നബിﷺതിരുമേനി പച്ചനിറത്തിലുള്ള വസ്ത്രം ധരിച്ച സൈന്യവ്യൂഹത്തോടൊപ്പം വന്നു. ഇബ്‌നു സഅ്ദ് എഴുതിയിരിക്കുന്നു:“നബിﷺതിരുമേനി തന്റെ പെൺ ഒട്ടകമായ ഖുസ്‌വായുടെ പുറത്ത് ഹദ്‌റത്ത് അബൂബക്റിനും ഹദ്‌റത്ത് ഉസയ്ദ് ബിൻ ഹുളയ്റിനും മധ്യത്തിലായിരുന്നു.” ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ മുഗഫ്ഫൽؓവിവരിക്കുന്നു:“ഞാൻ നബിﷺതിരുമേനിയെ കണ്ടു. മക്കാവിജയദിവസം അവിടന്ന് തന്റെ ഒട്ടകത്തിന്റെ മുകളിലായിരുന്നു. നബിﷺതിരുമേനി സൂറ ഫത്ഹ് പാരായണം ചെയ്യുകയായിരുന്നു.” ഈ നിവേദനം ബുഖാരിയിലുണ്ട്. ഹദ്‌റത്ത് അനസ്ؓനിവേദനം. അദ്ദേഹം പറഞ്ഞു:“നബിﷺതിരുമേനി മക്കമുകർറമയിൽ പ്രവേശിച്ചപ്പോൾ ആളുകൾ ആ മഹാത്മാവിനെ സന്ദർശിക്കാൻ വന്നു. പരമമായ വിനയം നിമിത്തം നബിﷺതിരുമേനിയുടെ ശിരസ് കുനിഞ്ഞ് ഇരിപ്പിടത്തിൽ മുട്ടുന്നുണ്ടായിരുന്നു.” അതായത് നബിﷺതിരുമേനി ഇരുന്നിരുന്ന ഒട്ടകത്തിന്റെ സീറ്റിന് മുൻവശത്ത് ഒട്ടകത്തിന്റെമേൽ മുട്ടുന്നുണ്ടായിരുന്നു. “നബിﷺതിരുമേനി മക്കയിൽ പ്രവേശിച്ചപ്പോൾ കറുത്ത തലപ്പാവായിരുന്നു അണിഞ്ഞിരുന്നത്. നബിﷺതിരുമേനിയുടെ പതാകയും കറുപ്പായിരുന്നു. ചില നിവേദനങ്ങളനുസരിച്ച് ചെറിയ കൊടി അതായത് ലിവാഅ് വെളുത്തതായിരുന്നു. അവിടന്ന് ദീത്വുആ എന്ന സ്ഥലത്ത് നിന്നു. അവിടന്ന് ആളുകൾക്കിടയിലായിരുന്നു ഉണ്ടായിരുന്നത്. വിജയവും മുസ്‌ലിമീങ്ങളുടെ ആധിക്യവും കണ്ട് അവിടത്തെ അനുഗൃഹീത തലമുടി വിനയത്താൽ ഇരിപ്പിടത്തെ സ്പർശിക്കുന്നുണ്ടായിരുന്നു.” അല്ലെങ്കിൽ മുട്ടാൻ പോകുകയായിരുന്നു. “നബിﷺ തിരുമേനി മക്കാവിജയദിവസം പറഞ്ഞു: അല്ലാഹുമ്മ ഇന്നൽ അയ്ശ അയ്ശുൽ ആഖിറത്തി അല്ലാഹുവേ തീർച്ചയായും യഥാർഥജീവിതം പരലോകജീവിതമാണ്.”

നീതിന്യായങ്ങളുടേയും വിനയത്തിന്റേയും മറ്റൊരു നിദർശനമുണ്ടായിരുന്നത് ഇപ്രകാരമാണ്: നബിﷺതിരുമേനി തന്റെ പിറകിലിരുത്തിയിരുന്നത് താൻ സ്വതന്ത്രനാക്കിയ അടിമ സയ്ദ് ബിൻ

ഹാരിഥയുടെ മകൻ ഉസാമയെ ആയിരുന്നു. ഖുറയ്ശിപ്രമുഖരും ബനൂഹാശിം സന്തതികളും അവിടെ ഉണ്ടായിരുന്നു. നബി ﷺതിരുമേനി റമളാൻ 20-ന് മക്കയിൽ പ്രവേശിച്ചു. ആ നേരത്ത് സൂര്യൻ കുറച്ച് ഉയർന്നു കഴിഞ്ഞിരുന്നു. നല്ലവണ്ണം ഉയർന്നിരുന്നു. ചിലപതാകയും കറുപ്പായിരുന്നു.*(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 226 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി ഹദീഥ് 4281)(ഫർഹങ്കെ സീറത്ത് പേജ് 180, പ്രസാധനം സവാർ അക്കാഡമി കറാച്ചി)(അത്ത്വബഖാത്തുൽകുബ്റാ വാല്യം 2, പേജ് 103-104, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്) (ഇംതാഉൽ അസ്മാഅ്, വാല്യം 8, പേജ് 384, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത്)(താരീഖുൽഖുമയ്സ് വാല്യം 2, പേജ് 84, 77, മത്ത്വബത്തുശ്ശാമില)(അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 3, പേജ് 122, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സുനനുത്തുർമുദി, അബ്‌വാബുൽജിഹാദ് ഹദീഥ് 1679)(അസ്സർഖാനി, വാല്യം 3, പേജ് 414, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത്)*

ഹദ്റത്ത് മസീഹ് മൗഊദ്ؑവിവരിക്കുന്നു: "അല്ലാഹുവിന്റെ വരിഷ്ഠദാസർക്ക് ലഭിക്കുന്ന വിജയത്തിൽ വിനയത്തിന്റെ വർണമുണ്ടായിരിക്കും. ശയ്ത്വാന്റെ വിജയത്തിൽ അഹങ്കാരം കലർന്നിരിക്കും. നോക്കൂ! നമ്മുടെ നബിﷺതിരുമേനി മക്കാവിജയം നേടിയ സന്ദർഭത്തിൽ നമ്രശിരസ്കനായതും സുജൂദു ചെയ്തതും മുമ്പേ മക്കയിൽ എല്ലാവിധ എതിർപ്പുകളും പ്രയാസങ്ങളും നേരിട്ട ദിനങ്ങളിൽ കുമ്പിട്ടതും സാഷ്ടാംഗം പ്രണമിച്ചതും സമാനമായിരുന്നു. താനേത് അവസ്ഥയിലാണ് ഇവിടെനിന്നു പോയത്? എന്നാൽ, ഏതവസ്ഥയിലാണ് തിരിച്ചെത്തിയതെന്നു മനസ്സിലാക്കിയ നബിﷺതിരുമേനിയുടെ ഹൃദയം ദൈവത്തിനോടുള്ള നന്ദിയാൽ ഭരിതമാകുകയും അവിടന്ന് സാഷ്ടാംഗം പ്രണമിക്കുകയും ചെയ്തു."*(മൽഫൂദാത്ത് വാല്യം 3, അടിക്കുറിപ്പ്, പേജ് 260, 2022 പതിപ്പ്)*

മക്കാവിജയനാളിൽ നബിﷺതിരുമേനിയുടെ താമസമെവിടെയായിരുന്നുവെന്നതിനെക്കുറിച്ച് ഇപ്രകാരം വന്നിരിക്കുന്നു:"മക്കയുടെ സമീപത്തെത്തിയപ്പോൾ നബിﷺതിരുമേനിയോടു എവിടെയാണ് താമസിക്കാൻ ഏർപ്പാടുണ്ടാക്കേണ്ടതെന്ന് ചോദിച്ചപ്പോൾ അവിടന്ന്ﷺപറഞ്ഞു:"നമുക്കുവേണ്ടി അഖീൽ ഏതെങ്കിലും വീട് ബാക്കിവെച്ചിട്ടുണ്ടോ?" അഖീൽ ഹദ്റത്ത് അബൂത്വാലിബിന്റെ മകനായിരുന്നു. ഹുദയ്ബിയ്യ സന്ധിക്കു തൊട്ടുമുമ്പേ അയാൾ ഇസ്ലാം സ്വീകരിച്ചിരുന്നു. എന്നാൽ, അദ്ദേഹം അതിനുമുമ്പേതന്നെ എല്ലാ സ്വത്തുവകകളും വിറ്റെന്ന് പറയപ്പെടുന്നു. തുടർന്ന് നബിﷺതിരുമേനി പറഞ്ഞു:"നാം ഖയ്ഫ് ബനീ കിനാനയിൽ താമസിക്കുന്നതായിരിക്കും." അവിടെ വെച്ചായിരുന്നു ഖുറയ്ശികൾ കുഫ്ർ അഥവാ സത്യനിഷേധത്തിൽ സത്യം ചെയ്തത്. എല്ലാ സ്വഹാബാക്കളോടും അവിടെ സംഘടിക്കാൻ ഉത്തരവുണ്ടായി. ഹദ്റത്ത് ജാബിർؓനിവേദനം. അദ്ദേഹം പറഞ്ഞു: നബിﷺതിരുമേനിയോടൊപ്പം ഉണ്ടായിരുന്നവരിൽ ആ ദിവസം ഞാനുമുണ്ടായിരുന്നു. മക്കാവിജയവേളയിൽ ഞാൻ നബിﷺതിരുമേനിയോടൊപ്പം തന്നെ മക്കയിൽ പ്രവേശിച്ചു. മക്കയിലെ വീടുകൾ കണ്ടതും നബിﷺതിരുമേനി അവിടെനിന്നു. അല്ലാഹുവിനെ സ്തുതിക്കുകയും താൻ താവളമടിക്കുന്നസ്ഥലം കണ്ടപ്പോൾ ഇപ്രകാരം പറയുകയും ചെയ്തു:"ജാബിറേ! അതാണ് നമ്മുടെ താമസസ്ഥലം. അവിടെ വെച്ചാണ് ഖുറയ്ശികൾ നമുക്കെതിരെ കുഫ്റിൽ അഥവാ സത്യനിഷേധത്തിൽ നിലകൊള്ളുമെന്ന് ശപഥം ചെയ്തത്." ഹദ്റത്ത് ജാബിർؓപറയുന്നു:"അപ്പോൾ എനിക്ക് മദീനയിൽവെച്ച് നബിﷺതിരുമേനി പറഞ്ഞ കാര്യം ഓർമ വന്നു. അവിടന്ന് ഇപ്രകാരം പറഞ്ഞിരുന്നു:"നാം ഖയ്ഫ് ബനീ കിനാനയിലായിരിക്കും താമസമാക്കുക." അവിടെ വെച്ചാണ് ഖുറയ്ശികൾ കുഫ്റിന്റെ അവസ്ഥയിൽ ഇപ്രകാരം ശപഥം ചെയ്തത്: "ബനൂ ഹാശിമുമായി ഒരു തരത്തിലും ക്രയവിക്രയം നടത്തുകയില്ല. അവരുമായി നിക്കാഹ് ബന്ധം സ്ഥാപിക്കുകയില്ല. അവർക്ക് അഭയവും നല്കുകയില്ല." അതിനുശേഷം അവർ മുസ്‌ലിമീങ്ങളെ ശഅ്ബ് അബി ത്വാലിബ് താഴ്വരയിലേക്ക് (പന്തിവിരോധം ചെയ്ത്)നാടുകടക്കാൻ നിർബന്ധിതരാക്കി.

പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ നബിﷺതിരുമേനി അല്ലാഹുവിനോടുള്ള നന്ദിപ്രകടനം എന്ന നിലയ്ക്ക് അവിടെ താമസിക്കാൻ തീരുമാനിച്ചതാകാം. ചിലർ അങ്ങനെ ധരിക്കുന്നുമുണ്ട്. ചില നിവേദനങ്ങളിലുള്ളത് മക്കയിൽ നബിﷺതിരുമേനിയോടു സ്വന്തം വീടുകളൊഴിവാക്കി വേറെ വീടുകളിൽ താമസിക്കണമെന്ന് അപേക്ഷിക്കപ്പെട്ടപ്പോൾ നബിﷺതിരുമേനി അതു നിഷേധിക്കുകയായിരുന്നുവെന്നാണ്. നബിﷺതിരുമേനി പറഞ്ഞു:"വേറെ വീടുകളിൽ നാം പ്രവേശിക്കുന്നതല്ല." ഹദ്റത്ത് അബൂറാഫിഅ്ؓഹുജൂൻ എന്ന സ്ഥലത്ത് നബിﷺതിരുമേനിയ്ക്കുവേണ്ടി തമ്പടിച്ചു. നബിﷺതിരുമേനിയോടൊപ്പം നബിയുടെ ഭാര്യമാരായ ഹദ്റത്ത് ഉമ്മുസലമയും മയ്മൂനയുമുണ്ടായിരുന്നു. എല്ലാ നമസ്കാരത്തിനും നബിﷺതിരുമേനി ഹുജൂനിൽനിന്ന് മസ്ജിദ് ഹറാമിലേക്ക് പോകുമായിരുന്നു. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 230-231 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഫത്ഹുൽബാരി, വാല്യം 8 പേജ് 17-18, ആരാംബാഗ് കറാച്ചി)(ഉസുദുൽഗാബ വാല്യം 4, പേജ് 61, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ദാഇറയെ മആരിഫ് വാല്യം 9, പേജ് 99-100, ബസ്മ ഇഖ്ബാൽ ലാഹോർ 2022)(അല്ലുഅ്‌ലുഉൽ മക്നൂൻ വാല്യം 4, പേജ്49, ദാറുസ്സമീയീ ലിന്നശ്ർ വത്തൗസീയ്)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓചരിത്രഗ്രന്ഥങ്ങളിൽനിന്ന് വിവരിക്കുന്നു: "നബിﷺതിരുമേനി മക്കയിൽ പ്രവേശിച്ചപ്പോൾ നബിﷺതിരുമേനിയോടു ആളുകൾ ചോദിച്ചു:'അല്ലയോ ദൈവദൂതരേ!അങ്ങ് സ്വന്തം വീട്ടിലാണോ താമസിക്കുക?' അപ്പോൾ നബിﷺതിരുമേനി പ്രതിവചിച്ചു:'അഖീൽ(ഇദ്ദേഹം നബിﷺതിരുമേനിയുടെ പിതൃവ്യപുത്രനായിരുന്നു)നമുക്കുവേണ്ടി വല്ലവീടും ബാക്കിവെച്ചിട്ടുണ്ടോ?' അതായത് എന്റെ ഹിജ്റത്തിനുശേഷം എന്റെ ബന്ധുക്കൾ എന്റെ സ്വത്തുവകകളെല്ലാം വിറ്റുതിന്നു. എനിക്ക് മക്കയിൽ ഒരു താമസസ്ഥലവുമില്ല. തുടർന്ന് നബിﷺതിരുമേനി പറഞ്ഞു: നാം ഖയ്ഫ് ബനീ കിനാനയിൽ താമസിക്കുന്നതായിരിക്കും. ഇത് മക്കയിലെ ഒരു മൈതാനമായിരുന്നു. അവിടെ വെച്ചായിരുന്നു ഖുറയ്ശികളും കിനാനക്കാരും ഒരുമിച്ച് ഇപ്രകാരം ശപഥം ചെയ്തത്:ബാനൂഹാശിമും ബനൂ അബ്ദിൽമുത്വലിബും ഇരുകുടുംബക്കാരും മുഹമ്മദിനെ പിടിച്ച് ഞങ്ങളെ ഏൽപ്പിക്കുകയും അയാളോടുള്ള ബന്ധം വിച്ഛേദിക്കുകയും ചെയ്യാത്തിടത്തോളം നമ്മൾ അവരുമായി വിവാഹബന്ധം നടത്തുകയില്ല. ഒരു തരത്തിലുള്ള കൊടുക്കൽ വാങ്ങലുകളും ചെയ്യുകയില്ല." ഈ പ്രതിജ്ഞയ്ക്കുശേഷം നബിﷺതിരുമേനിയും പതൃവ്യനായ അബൂത്വാലിബും മുസ്‌ലിം സംഘത്തിലെ മറ്റെല്ലാവരുകൂടി അബൂത്വാലിബിന്റെ താഴ്വരയിൽ അഭയം തേടി. മൂന്നുവർഷത്തെ കൊടും യാതനകൾക്കൊടുവിൽ അല്ലാഹു അവർക്ക് രക്ഷ നല്കി. നബിﷺതിരുമേനിയുടെ തിരഞ്ഞെടുപ്പ് എത്രമാത്രം യുക്തിസഹമായിരുന്നു. മക്കക്കാർ അവിടെ വെച്ചായിരുന്നു മുഹമ്മദിനെ തങ്ങൾക്ക് ഏൽപ്പിച്ചുതരുന്നതുവരെ മുഹമ്മദിന്റെ ഗോത്രക്കാരോട് ഒരു രഞ്ജിപ്പും ചെയ്യുന്നതല്ലെന്ന് ശപഥം ചെയ്തത്. ഇന്ന് അല്ലാഹുവിന്റെ റസൂൽ മുഹമ്മദുﷺ അതേ മൈതാനത്തുവന്ന് താവളമടിച്ചിരിക്കുന്നു. അപ്രകാരം മക്കക്കാരോടു ആലങ്കാരികമായി ഇങ്ങനെ പറയുകയായിരുന്നു:"നിങ്ങൾ ആഗ്രഹിച്ചിടത്ത് ഞാനിതാ വന്നിരിക്കുന്നു. എന്നാൽ, ഇന്ന് എനിക്കെതിരെ അക്രമം അഴിച്ചുവിടാൻ നിങ്ങൾക്ക് കഴിവുണ്ടോ? ഇവിടെ ഞാൻ അവഹേളിതനും ശിക്ഷിക്കപ്പെട്ടവനുമായി വരണമെന്നായിരുന്നു നിങ്ങൾ മോഹിച്ചത്. സമുദായം എന്നെ പിടികൂടി ഇവിടെവെച്ച് നിങ്ങളെ ഏൽപ്പിക്കണമെന്നായിരുന്നു നിങ്ങൾ ആശിച്ചത്. എന്നാൽ, ഞാനിപ്പോൾ ഇവിടെ വന്നപ്പോൾ എന്റെ സമുദായം മാത്രമല്ല അറേബ്യാ മുഴുവനും എന്നോടൊപ്പമുണ്ട്." അല്ലാഹുവിന്റെ ഖുദ്റത്ത് അഥവാ ശക്തിപ്രഭാവം നോക്കുക, അതൊരു തിങ്കളാഴ്ചയായിരുന്നു. നബിﷺതിരുമേനി ഥൗർ ഗുഹയിൽനിന്ന് അബൂബക്റിനോടൊപ്പം മദീനയിലേക്ക് ഹിജ്റത്ത് ചെയ്തതും തിങ്കളാഴ്ചയായിരുന്നു. അതേ ദിവസമായിരുന്നു ഥൗർ മലയിൽനിന്ന് മക്കയിലേക്ക് പ്രത്യാശാഭരിതമായ കണ്ണുകളോടെ നോക്കിക്കൊണ്ട് നബിﷺതിരുമേനി ഇപ്രകാരം പറഞ്ഞത്:"അല്ലയോ പ്രിയപ്പെട്ട മക്കാ!നീ എനിക്ക് ലോകത്തുള്ള എല്ലാ നാടുകളെക്കാളും കൂടുതൽ പ്രിയങ്കരിയാണ്. എന്നാൽ, നിന്റെ നാട്ടുകാർ എന്നെ ഇവിടെ നിൽക്കാൻ വിടുന്നില്ല."*(ദീബാച്ച തഫ്സീറുൽഖുർആൻ, അൻവാറുൽഉലൂം വാല്യം 20, പേജ് 344-345)(ദീബാച്ച തഫ്സീറുൽഖുർ*

*ആൻ, പേജ് 215, ആദ്യപതിപ്പ്)*

ഹദ്റത്ത് ഉമ്മുഹാനീ ബിൻത് അബീത്വാലിബ്ؓവിവരിക്കുന്നു:"നബിﷺതിരുമേനി മക്കയുടെ മുകൾ ഭാഗത്ത് താവളമടിച്ചപ്പോൾ ബനൂമഖ്സൂമിലെ ശ്വശുരഗൃഹത്തിൽനിന്നുള്ള രണ്ട് കുടുംബക്കാർ എന്റെയടുത്ത് ഓടിവന്നു. അപ്പോൾ എന്റെ സഹോദരൻ അലി എന്റെയടുത്തുവന്ന് പറഞ്ഞു: അല്ലാഹുവാണെ സത്യം! ഇവർ രണ്ടുപേരേയും വധിക്കുന്നതാണ്. ഞാൻ അവർ രണ്ടുപേരേയും എന്റെ വീട്ടിൽ പൂട്ടിയിട്ടു. എന്നിട്ട് ഞാൻ മക്കയുടെ മുകൾ ഭാഗത്ത് നബിﷺതിരുമേനിയുടെ അടുത്തു നേരിട്ട് ചെന്നു. നബിﷺതിരുമേനി വെള്ളം നിറച്ച പാത്രത്തിൽനിന്ന് കോരിക്കുളിക്കുന്നതു കണ്ടു. അതിൽ മാവുകുഴച്ചതിന്റെ അടയാളമുണ്ടായിരുന്നു. നബിﷺതിരുമേനിയുടെ മകൾ ഹദ്റത്ത് ഫാതിമؓ, നബിﷺതിരുമേനിയ്ക്കുവേണ്ടി മറയുണ്ടാക്കിയിരുന്നു. കുളികഴിഞ്ഞ് നബിﷺതിരുമേനി പൂർവാഹ്നത്തിലെ എട്ടു റക്അത്ത് നമസ്കരിച്ചു. അതിനുശേഷം എന്നിലേക്ക് തിരിഞ്ഞുകൊണ്ടുപറഞ്ഞു: ഉമ്മഹാനീ! നിനക്ക് സ്വാഗതം! എന്താ വന്നത്? അവരപ്പോൾ ആ രണ്ടുപേരേയും ഹദ്റത്ത് അലിയേയും കുറിച്ച് എല്ലാ കാര്യങ്ങളും പറഞ്ഞു. അതായത് ഹദ്റത്ത് അലി അവരെ വധിക്കാനുദ്ദേശിക്കുന്നുവെന്നും താനവരെ വീട്ടിൽ ഒളിപ്പിച്ചിരിക്കുകയാണെന്നും പറഞ്ഞു. നബിﷺതിരുമേനി പറഞ്ഞു: നീ അഭയം നല്കിയവർക്ക് ഞാനും അഭയം നല്കിയിരിക്കുന്നു. നീ സമാധാനം വാഗ്ദാനം ചെയ്തവർക്ക് ഞാനും സമാധാനം വാഗ്ദാനം ചെയ്തിരിക്കുന്നു. അതുകൊണ്ട് അദ്ദേഹം അവരെ വധിക്കാൻ പാടില്ല. അതായത് നബിﷺതിരുമേനി പറഞ്ഞു:ഹദ്റത്ത് അലി അവരെ വധിക്കുന്നതല്ല. ആ രണ്ടുപേരും ഹദ്റത്ത് ഉമ്മുഹാനിയുടെ ഭർതൃബന്ധുക്കളായ ഹാരിഥ് ബിൻ ഹിശാമും അബ്ദുല്ലാഹ് ബിൻ റബീയയുമായിരുന്നു.*(അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം പേജ് 743-744, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സ്വഹീഹ് ബുഖാരി കിതാബുസ്സ്വലാത്ത് ബാബു അസ്സ്വലാത്തു ഫിഥ്ഥൗബി, ഹദീഥ് 357)(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 249-250, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ബുഖാരിയിലെ ഒരു നിവേദനത്തിലുണ്ട്. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ അബീലയ്ലാؓവിവരിക്കുന്നു. ഞങ്ങളോടു ഉമ്മുഹാനീ അല്ലാതെ മറ്റാരും ഇതു വിവരിച്ചിട്ടില്ല. അതായത് ഉമ്മുഹാനിയുടേത് മാത്രമാണ് ഈ നിവേദനം. നബിﷺതിരുമേനി ളുഹാ നമസ്കരിക്കുകയായിരുന്നു. ഇതിന് മറ്റൊരുസാക്ഷിയേയും കിട്ടിയിട്ടില്ല. പറഞ്ഞിട്ടില്ല. മറ്റാരും അതിന് സാക്ഷികളായിട്ടില്ല. ഹദ്റത്ത് ഉമ്മുഹാനീ വിവരിക്കുന്നു: "നബിﷺതിരുമേനി മക്കാവിജയദിവസം വീട്ടിൽവന്നു. കുളിക്കുകയും എട്ടു റക്അത്ത് നമസ്കരിക്കുകയും ചെയ്തു. ഇതിനെക്കാൾ നേരിയ നിലയിൽ നബിﷺതിരുമേനി നമസ്കരിക്കുന്നത് ഞാനൊരിക്കലും കണ്ടിട്ടില്ല. എന്നാൽ, അവിടന്ന് പൂർണമായും റുക്കൂഉം സുജൂദും ചെയ്തിരുന്നു." ഇത് ബുഖാരിയിലെ നിവേദനമാണ്.*(സ്വഹീഹുൽബുഖാരി ഹദീഥ് 1176)*

നബിﷺതിരുമേനി എട്ടു റക്അത്ത് നമസ്കരിച്ചു. ഇതു സംബന്ധമായി പണ്ഡിതന്മാർ വിവിധ അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ട്; അതായത് ഏതു നമസ്കാരമാണ് അനുഷ്ഠിച്ചതെന്ന്. ചിലർ പറഞ്ഞു ഇത് ഇശ്റാഖ് നമസ്കാരമാണെന്ന്. അല്ലെങ്കിൽ ളുഹാ നമസ്കാരമാണെന്ന്. ചിലർ ഈ നമ്സ്കാരം ഇശ്റാഖാണെന്ന് പറയുന്നു. ചിലർ പറയുന്നു ഇത് ളുഹാ നമസ്കാരമാണെന്ന്. ചിലരുടെ അഭിപ്രായത്തിലിത് ഫത്ഹിന്റെ അഥവാ വിജയത്തിന്റെ നമസ്കാരമാണ്. ഏതെങ്കിലും നഗരമോ കോട്ടയോ ജയിച്ചടക്കിയാൽ നന്ദിസൂചകമായി നിർവഹിക്കുന്ന നമസ്കാരം. ഈ സുന്നത്ത് പിന്തുടർന്നുകൊണ്ടാണ് ചില മുസ്ലിം അമീർമാർ വിജയം ലഭിച്ചാൽ എട്ട് റക്അത്ത് നമസ്കരിക്കാൻ തുടങ്ങിയത്. *(അല്ലുഅ്ലുഉൽ മക് നൂൻ വാല്യം 4, പേജ് 52, ദാറുസ്സമീയീ ലിന്നശ്രി വത്തൗസീയി)*

മറ്റൊരു അഭിപ്രായമിതാണ്, മക്കാവിജയത്തിന്റെ രാത്രി വളരെ സുപ്രധാനമായ കാര്യങ്ങൾ ചെയ്യേണ്ടിവന്നതിനാൽ നബിﷺതിരുമേനി വളരെയധികം തിരക്കിലകപ്പെടുകയും തഹജ്ജുദ് നമസ്കരിക്കാൻ സമയം ലഭിക്കാതെ വരികയും ചെയ്തു. അത് പ്രഭാതനേരത്ത് നബിﷺതിരുമേനി നമസ്കരിക്കുകയായിരുന്നു. ചിലപ്പോൾ അതുകൊണ്ടുമായിരിക്കാം, ഏതെങ്കിലും കാരണത്താൽ തഹജ്ജുദ് നമസ്കാരം നഷ്ടപ്പെട്ടാൽ രാവിലെ സൂര്യോദയം കഴിഞ്ഞ് എട്ടു റക്അത്ത് നമസ്കരിക്കണമെന്ന് പറയപ്പെടുന്നത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓവിവരിക്കുന്നു. നബിﷺതിരുമേനി പറഞ്ഞു:നിങ്ങൾക്ക് തഹജ്ജുദ് നമസ്കാരം നഷ്ടമായാൽ ഇശ്റാഖ് നമസ്കരിക്കുക. അതുപോലെ ഏതെങ്കിലും സാഹചര്യത്തിൽ തഹജ്ജുദ് നമസ്കാരം നഷ്ടമായാൽ നബിﷺതിരുമേനി ഇശ്റാഖ് നമസ്കരിച്ചിരുന്നെന്നും നിവേദനങ്ങളിൽ കാണാം.

മീർ അബ്ബാസ് അലി സാഹിബ് ലുധിയാനവിؓയുടെ പേരിൽ എഴുതിയ ഒരു കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്ؑ പറയുന്നു: "ഈ വിനീതൻ മുമ്പേ എഴുതിയതുപോലെ താങ്കൾ സ്ഥിരമായി ചൊല്ലാറുള്ള ദിക്റുകൾ കൃത്യനിഷ്ഠയോടെ തുടരേണ്ടതാണ്. ഏതെങ്കിലും തരത്തിലുള്ള ശിർക്കോ ബിദ്അത്തോ കടന്നുകൂടാതെ സൂക്ഷിച്ചാൽ മതി. നബിﷺതിരുമേനി സ്ഥിരമായി ഇശ്റാഖ് നമസ്കരിച്ചിരുന്നതായി തെളിയുന്നില്ല. തഹജ്ജുദ് നഷ്ടമായാൽ അല്ലെങ്കിൽ യാത്രകഴിഞ്ഞെത്തിയാൽ നമസ്കരിച്ചിരുന്നതായി തെളിയുന്നുമുണ്ട്. ആരാധനാകാര്യങ്ങളിൽ പരിശ്രമിക്കുകയും കരീമായ അല്ലാഹുവിന്റെ വാതിലുകളിലിരിക്കുകയും ചെയ്യുകയെന്നത് കൃത്യമായസുന്നത്താണ്."*(മക്തൂബാത്തെ അഹ്മദ് വാല്യം 1, പേജ് 528, മക്തൂബാത്ത് നമ്പർ 15)*അതായത് ആരാധനയും സേവയും കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ വാതിൽക്കൽ വീണുകിടക്കൽ യഥാർഥ സുന്നത്താണ്.

ഇനി മസ്ജിദിൽ ഹറാമിൽ പ്രവേശിച്ചതും ത്വവാഫു ചെയ്തതും സംബന്ധിച്ചുള്ള വിവരണമാണ്. പകൽ കുറച്ചു സമയം നബിﷺതിരുമേനി തമ്പിൽത്തന്നെ കഴിച്ചുകൂട്ടുകയും ശേഷം തന്റെ ഒട്ടകമായ ഖുസ്വായെ വരുത്തിക്കുകയും ചെയ്തു. അതിനെ തമ്പിന്നടുത്തു നിറുത്തി ആയുധങ്ങളെടുക്കാനും തലപ്പാവുധരിക്കാനുമായി നബിﷺതിരുമേനി അകത്തുപോയി. സ്വഹാബത്ത് നബിﷺതിരുമേനിയുടെ ചുറ്റുവട്ടത്ത് കൂടിയിരുന്നു. നബിﷺതിരുമേനി ഒട്ടകപ്പുറത്തു കയറി ഖൻദമ മുതൽ ഹുജൂൻവരെ കുതിരകളുടെ നിരയായിരുന്നു. നബിﷺതിരുമേനി അതിലൂടെ കടന്നുപോയി. നബിﷺതിരുമേനിയോടൊപ്പം ഹദ്റത്ത് അബൂബക്ർؓഉണ്ടായിരുന്നു. അദ്ദേഹത്തോടു നബിﷺതിരുമേനി സംസാരിക്കുകയായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർؓനിവേദനം. അദ്ദേഹം പറഞ്ഞു:"നബിﷺതിരുമേനി മക്കാവിജയവേളയിൽ കദാഅ മലയുടെ ഭാഗത്തുനിന്ന് മക്കയിൽ പ്രവേശിച്ചപ്പോൾ അവിടന്നു കാണുന്നത് സ്ത്രീകൾ കുതിരകളെ അവയുടെ മുഖത്ത് അവരുടെ തട്ടംകൊണ്ടടിച്ച് പിറകോട്ടാക്കുന്നതാണ്. അപ്പോൾ നബിﷺതിരുമേനി പുഞ്ചിരിച്ചുകൊണ്ട് ഹദ്റത്ത് അബൂബക്റിനെ നോക്കിപ്പറഞ്ഞു, അല്ലയോ അബൂബക്ർ!ഹസ്സാൻ ബിൻ ഥാബിത് എന്താണ് പറഞ്ഞത്? അതായത് ഹസ്സാൻബിൻ ഥാബിത് ഏതോ കവിത ചൊല്ലിയിരുന്നു. അതിനെക്കുറിച്ച് നബിﷺതിരുമേനി അന്വേഷിച്ചു. അപ്പോൾ ഹദ്റത്ത് അബൂബക്ർؓആ കവിത ചൊല്ലി. അതിന്റെ അർഥം ഇപ്രകാരമാണ്:"ഞാനെന്റെ പ്രിയപ്പെട്ട മകളെ നഷ്ടപ്പെടുത്താൻ തയ്യാറാണ്. അഥവാ നിങ്ങൾ കദാഅ മലയിൽ വാഗ്ദത്തം ചെയ്യപ്പെട്ട സൈന്യങ്ങളുടെ സംഘർഷം കണ്ടില്ലെങ്കിൽ അവർ പായുന്ന കുതിരകളുടെ കടിഞ്ഞാൺ വലിച്ചു മുറുക്കുകയാണ്. സ്ത്രീകൾ തങ്ങളുടെ തട്ടങ്ങൾകൊണ്ട് പ്രഹരിക്കുകയാണ്." ആ കുതിരകളുടെ അവസ്ഥ അവരിങ്ങനെ ചിത്രീകരിക്കുകയായിരുന്നു. അതുതന്നെയാണ് അപ്പോൾ സംഭവിച്ചുകൊണ്ടിരുന്നതും. ഹദ്റത്ത് ഇബ്നുഉമർؓഹദ്റത്ത് ഇബ്നുഅബ്ബാസ്ؓഎന്നിവർ നിവേദനം. അവർ പറഞ്ഞു:മക്കാവിജയത്തിന്റെനാൾ നബിﷺതിരുമേനി മക്കയിൽ പ്രവേശിച്ചപ്പോൾ കഅ്ബ മന്ദിരത്തിന്റെ അടുത്ത് 360 ബിംബങ്ങളുണ്ടായിരുന്നു. അവ ഉരുക്കുകൊണ്ടു നിർമിച്ച് പ്രതിഷ്ഠിച്ചതായിരുന്നു. കഅ്ബയുടെ ഏറ്റവും വലിയ ബിംബമായിരുന്നു ഹുബുൽ. ആളുകൾ മൃഗബലി നടത്തിയിരുന്ന സ്ഥലത്താണ് ഈസാഫ്, നാഇല എന്നീ ബിംബങ്ങളുണ്ടായിരുന്നത്. മക്കാവിജയനാളിൽ നബിﷺതിരുമേനിയുടെ കയ്യിൽ ഒരു വില്ലുണ്ടായിരുന്നു. അവിടന്ന് ആ വില്ലിന്റെ ഒരറ്റം പിടിച്ചു. നടന്നുപോകുമ്പോൾ കാണുന്ന എല്ലാ ബിംബങ്ങളുടെയും കണ്ണുകളിൽ അടിക്കുകയും ഇങ്ങനെ പറയുകയും ചെയ്യുമായിരുന്നു:**ജാഅൽ ഹഖ്ഖു വ സഹഖൽ ബാത്വിലു ഇന്നൽ ബാത്വില കാന**

**സഹൂഖാ**(17:82) സത്യം വന്നു അസത്യം അപ്രത്യക്ഷമായി. അസത്യം അപ്രത്യക്ഷമാകുന്നതുതന്നെയാണ്. നബിﷺതിരുമേനി കഅ്ബാ ദേവാലയത്തിനടുത്തെത്തി. അതിൽ നോക്കി. അവിടന്ന് ഒട്ടകപ്പുറത്തുതന്നെ മുന്നോട്ടു നീങ്ങി. തന്റെ വടികൊണ്ട് ഹജ്റുൽഅസ്‌വദിനെ തൊട്ടു. എന്നിട്ട് അല്ലാഹു അക്ബർ എന്നു പറഞ്ഞു. മറുപടിയായി മുസ്‌ലിമീങ്ങളും തക്ബീർ മുഴക്കി. അവരുടെ നിരന്തരമുള്ള തക്ബീർ ധ്വനികളാൽ മക്കയിൽ അല്ലാഹു അക്ബർ എന്ന നാദം അലയടിച്ചു. നബിﷺതിരുമേനി അവരോടു നിശബ്ദരാകാൻ ആംഗ്യം കാണിച്ചു. മലമുകളിൽനിന്ന് ബഹുദൈവവിശ്വാസികൾ ഈ രംഗം കാണുന്നുണ്ടായിരുന്നു. നബിﷺതിരുമേനി ബയ്അത്തുല്ലാഹ് പ്രദക്ഷിണം ചെയ്തു. ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമؓഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ചിട്ടുണ്ടായിരുന്നു. നബിﷺതിരുമേനി ഹജ്റുൽ അസ്‌വദിന്റെ അടുത്തുവരികയും മുത്തുകയും ബയ്ത്തുല്ലായെ വലംവെക്കുകയും ചെയ്തു. ത്വവാഫ് പൂർത്തിയാക്കിയശേഷം ഒട്ടകത്തിൽനിന്നിറങ്ങി. ഒട്ടകത്തെ പുറത്തുകൊണ്ടുപോയി. ഹദ്റത്ത് മഅ്മർ ബിൻ അബ്ദുല്ലാഹ് വന്ന് ഒട്ടകവുമായി താഴ്‌വാരത്തുപോയി.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് ഉമർ ബിൻ ഖത്വാബിന് മക്കാ വിജയവേളയിൽ നബിﷺതിരുമേനി ഇങ്ങനെ കൽപ്പന നല്കി. അപ്പോൾ അദ്ദേഹം ബത്ഹായിലായിരുന്നു. "കഅ്ബയുടെ ഉള്ളിൽ പോകുക. അതിലുള്ള എല്ലാ ചിത്രങ്ങളും മായ്ച്ചുകളയുക." അതിലുള്ള എല്ലാ ചിത്രങ്ങളും മായ്ച്ചുകളയുന്നതുവരെ നബിﷺതിരുമേനി ഉള്ളിൽ പ്രവേശിച്ചില്ല. ഹദ്റത്ത് ഇബ്റാഹീമിؑന്റേയും ഹദ്റത്ത് ഇസ്മായീലിؑന്റേയും ചിത്രങ്ങൾ നീക്കം ചെയ്യപ്പെട്ടു. അവരിരുവരുടേയും കൈയിൽ ശകുനം നോക്കുന്ന അമ്പുണ്ടായിരുന്നു. അവരുടെ ബിംബങ്ങളും ചിത്രങ്ങളും അവിടെ തയ്യാറാക്കപ്പെട്ടിരുന്നു. നബിﷺതിരുമേനി ആ ചിത്രങ്ങൾ കണ്ടപ്പോൾ പറഞ്ഞു;അല്ലാഹു ഈ ബിംബാരാധകരെ നശിപ്പിക്കുമാറാകട്ടെ. ആ ബിംബാരാധകർക്കുമറിയാം ഹദ്റത്ത് ഇബ്റാഹീമുംؑ ഹദ്റത്ത് ഇസ്മായീലുംؑ ആ അമ്പുകൊണ്ടൊരിക്കലും ശകുനം നോക്കിയിരുന്നില്ലെന്ന്! അവരുടെ കൈകളിൽ അമ്പുകളുള്ളത് കെട്ടുകഥയാണ്. അവരൊരിക്കലും അങ്ങനെ ചെയ്തിരുന്നില്ല. നബിﷺതിരുമേനി മഖാമെ ഇബ്റാഹീമിലെത്തി. ആ നേരത്ത് നബിﷺതിരുമേനി പടച്ചട്ട അണിഞ്ഞിരുന്നു. അവിടന്ന് അവിടെവെച്ച് രണ്ടു റക്അത്ത് നമസ്കരിച്ചു. അതുകഴിഞ്ഞ് സംസിനടുത്തുപോയി. ഹദ്റത്ത് അബ്ബാസ് ബിൻ അബ്ദുൽമുത്വലിബ് അല്ലെങ്കിൽ അബൂസുഫിയാനിബ്നു ഹാരിഥിബ്നു അബ്ദുൽ മുത്വലിബ് നബിﷺതിരുമേനിക്കുവേണ്ടി ഒരു തൊട്ടി വെള്ളം കോരി. നബിﷺതിരുമേനി അതിൽനിന്ന് കുടിക്കുകയും വുളു എടുക്കുകയും ചെയ്തു. സ്വഹാബാക്കൾ അതിശീഘ്രം നബിﷺതിരുമേനി വുളു ചെയ്ത വെള്ളം ശേഖരിക്കുകയും അത് മുഖത്തു തടവുകയും ചെയ്തു. അന്യാരാധകർ അവരെ നോക്കി അത്ഭുതപ്പെടുന്നുണ്ടായിരുന്നു. അവർ പറഞ്ഞിരുന്നു:"ഞങ്ങൾ ഇത്രവലിയ രാജാവിനെക്കുറിച്ച് കേൾക്കുകയോ കാണുകകയോ ചെയ്തിട്ടില്ല." മക്ക വിജയത്തിനുശേഷം നബിﷺതിരുമേനി ഹുബുൽ ബിംബത്തെ കുറിച്ച് കൽപ്പന നല്കുകയും അത് തകർക്കപ്പെടുകയും ചെയ്തു. നബിﷺതിരുമേനി അതിന്റെയടുത്ത് നിൽപ്പുണ്ടായിരുന്നു. അപ്പോൾ ഹദ്റത്ത് സുബയ്റുബ്നുൽ അവ്വാംؓഅബൂസുഫിയാനോടു പറഞ്ഞു:"അബൂസുഫിയാനേ!ഹുബുലിനെ മറിച്ചിട്ടിരിക്കുന്നു. നിനക്ക് ഉഹുദ് യദ്ധവേളയിൽ അതിനെക്കറിച്ച് വലിയ അഹങ്കാരമായിരുന്നല്ലോ? ഹുബുൽ നിങ്ങൾക്കുമേൽ അനുഗ്രഹം ചൊരിഞ്ഞിരിക്കുന്നുവെന്ന് നീ അന്ന് വിളംബരം ചെയ്തിരുന്നില്ലേ?" അപ്പോൾ അബൂസുഫിയാൻ പറഞ്ഞു:"അവ്വാമിന്റെ മകനേ!അതൊക്കെ ഇനി വിട്ടുകളയുക. കാരണം ഞാൻ മനസ്സിലാക്കിയിടത്തോളം മുഹമ്മദ്ﷺന്റെ ദൈവത്തിനുപുറമെ മറ്റൊരു ദൈവമുണ്ടായിരുന്നെങ്കിൽ ഇന്ന് നടന്നത് നടക്കുമായിരുന്നില്ല."

അതിനുശേഷം നബിﷺതിരുമേനി കഅ്ബാലയത്തിന്റെ ഒരു മൂലയിൽ പോയിരുന്നു. ആളുകൾ നബിﷺതിരുമേനിയ്ക്കു ചുറ്റും തടിച്ചുകൂടി.*(സുനൻ അബൂദാവൂദ് കിതാബുല്ലിബാസ് ബാബു ഫിസ്സ്വൂരി ഹദീഥ് 4156)(ഫത്ഹെ മക്ക, ബാശമീൽ, പേജ് 270-271, നഫീസ് അക്കാഡമി കറാച്ചി) (സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 227, 234-235, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സ്വഹീഹ് ബുഖാരി മുത്തർറജിം കിതാബുൽ മഗാസി ഹദീഥ് 4288)*

ഹദ്റത്ത് അബൂഹുറയ്റؓനിവേദനം. അദ്ദേഹം പറഞ്ഞു: നബിﷺതിരുമേനി മക്കാവിജയ ദിവസം വന്നപ്പോൾ ഹദ്റത്ത് അബൂബക്ർؓഊരിപ്പിടിച്ച വാളുമായി തലഭാഗത്ത് കാവൽ നിൽക്കുന്നുണ്ടായിരുന്നു.*(മജ്മഉസ്സവാഇദ്, വാല്യം 6, പേജ് 187, നിവേദനം 10252, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് ഇബ്നു ഉമറിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: നബിﷺതിരുമേനി മക്കവിജയ വർഷം ഉസാമ ബിൻ സയ്ദിന്റെ ഒട്ടകപ്പുറത്തുവന്നു. ഉഥ്മാൻ ബിൻ ത്വൽഹയെ വിളിച്ചുകൊണ്ടു പറഞ്ഞു:'എന്റെയടുത്ത് താക്കോൽ കൊണ്ടുവരിക.' അദ്ദേഹം തന്റെ മാതാവിന്റെ അടുത്തു ചെന്നപ്പോൾ കഅ്ബ മന്ദിരത്തിന്റെ താക്കോൽ നല്കാൻ അവർ വിസമ്മതിച്ചു. അദ്ദേഹം തന്റെ മാതാവിനോടു പറഞ്ഞു: 'അല്ലാഹുവാണെ സത്യം! ഈ താക്കോൽ തരേണ്ടിവരും. അല്ലെങ്കിൽ ഈ വാൾ എന്റെ പൃഷ്ഠഭാഗത്തൂടെ കടന്നുപോകുന്നതായിരിക്കും. അതായത് പിന്നീട് അത് വാങ്ങാൻ എനിക്ക് ബലം പ്രയോഗിക്കേണ്ടിവരും. ആ ബലം നിങ്ങളുടെ മേലും പ്രയോഗിക്കേണ്ടി വരും. എന്തായാലും അത് തരേണ്ടിവരും. നിവേദകൻ പറയുന്നു: അപ്പോൾ അദ്ദേഹത്തിന് അവർ താക്കോൽ കൊടുത്തു. അതുമായി അദ്ദേഹം നബിﷺതിരുമേനിയുടെ അടുത്തു വരികയും അത് തിരുദൂതരെ ഏൽപ്പിക്കുകയും ചെയ്തു. നബിﷺതിരുമേനി അദ്ദേഹത്തിനുതന്നെ താക്കോൽ തിരിച്ചേൽപ്പിച്ചു. അദ്ദേഹം കവാടം തുറന്നു.*(സ്വഹീഹ് മുസ്‌ലിം (മുത്ർറജിം), കിതാബുൽഹജ്ജ്, വാല്യം 6, പേജ് 278,ഹദീഥ് 2345)*

നബിﷺതിരുമേനി ഉസാമബിൻ സയ്ദിനേയും ബിലാലുബ്നു റവാഹയേയും കൂട്ടി കഅ്ബാലയത്തിൽ കയറി. കഅ്ബയുടെ താക്കോൽ സൂക്ഷിപ്പുകാരനായ ഉസാമ ബിൻ ത്വൽഹയും കൂടെയുണ്ടായിരുന്നു. നബിﷺതിരുമേനി കഅ്ബയുടെ വാതിലടച്ച് ദീർഘനേരം അതിൽ കഴിച്ചുകൂട്ടി. അവിടെവെച്ച് രണ്ടുറക്അത്ത് നമസ്കരിച്ചു. പുറത്ത് വാതിലിനടുത്ത് നിൽക്കുന്നുണ്ടായിരുന്ന അബ്ദുല്ലാഹ് ബിൻ ഉമർؓനിവേദനം. അദ്ദേഹം പറഞ്ഞു:നബിﷺതിരുമേനി വെളിയിൽ വന്നപ്പോൾ ഞാൻ വേഗം ഉള്ളിൽപ്പോയി. ഞാൻ ഹദ്റത്ത് ബിലാലിനോടു ചോദിച്ചു: ഇവിടെ വന്നപ്പോൾ നബിﷺതിരുമേനി എന്താണ് ചെയ്തുകൊണ്ടിരുന്നത്? അദ്ദേഹം പറഞ്ഞു:നബിﷺതിരുമേനി ഒരു തൂണ് ഇടത്തും ഒരു തൂണ് വലത്തും മൂന്നു തൂണ് പിൻഭാഗത്തും വരുംവിധം നിന്നു നമസ്കരിച്ചു. ബയ്ത്തുല്ലായിൽ അപ്പോൾ ആറു തൂണുകളായിരുന്നു ഉണ്ടായിരുന്നത്. നബിﷺതിരുമേനി നമസ്കരിച്ചത് രണ്ടു തൂണുകൾക്കിടയിലായിരുന്നു. മറ്റൊരു നിവേദനപ്രകാരം രണ്ടു തൂൺ ഇടത്തും ഒരു തൂൺ വലത്തും മൂന്നു തൂൺ പിറകിലുമായിരുന്നു. ഏതായാലും നബിﷺതിരുമേനി അവിടെ രണ്ടുറക്അത്ത് നമസ്കരിച്ചു. ഇത് സ്വഹീഹ് മുസ്‌ലിമിലുള്ള നിവേദനമാണ്. *(സ്വഹീഹ് ബുഖാരി, കിതാബു*

**• ഹദീഥുന്നബ്‌വിﷺ •**

"ഇത്തഖുല്ലാഹ ഫിന്നിസാഇ."

സ്ത്രീകളുടെ കാര്യത്തിൽ അല്ലാഹുവിനെ ഭയപ്പെടുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്‌വിﷺ •**

"അൽമുസ്‌ലിമു മിർഅത്തുൽ മുസ്‌ലിമി."

ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ കണ്ണാടിയാകുന്നു.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

*സ്സലാത്ത്, ഹദീഥ് 504,505)(സ്വഹീഹ് മുസ് ലിം(മുതർറജിം) കിതാബുൽഹജ്ജ്, വാല്യം 6, പേജ് 276, ഹദീഥ് 2344)(അല്ലുഅ്ലുഉൽമകനൂൻ, വാല്യം 4, പേജ് 58-59, ദാറുസ്സമീയീലിന്നശ്രി വത്തൗസീയ്)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓപറയുന്നു: മക്കയിൽ പ്രവേശിക്കുമ്പോൾ ഹദ്റത്ത് അബൂബക്ർؓ നബിﷺതിരുമേനിയുടെ ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിച്ചുകൊണ്ട് നബിയോടു സംസാരിച്ച് നടക്കുകയായിരുന്നു. സൂറഫത്ഹിൽ മക്കാ വിജയത്തെക്കുറിച്ച് പരാമർശമുണ്ട്. അതും ചൊല്ലുന്നുണ്ടായിരുന്നു. നബിﷺതിരുമേനി നേരെ കഅ്ബ ദേവാലയത്തിലേക്ക് വന്നു. ഒട്ടകസവാരി ചെയ്തുകൊണ്ടുതന്നെ കഅ്ബയെ ഏഴുതവണ വലംവെച്ചു. അപ്പോൾ നബിﷺതിരുമേനിയുടെ കയ്യിൽ ഒരു വടിയുണ്ടായിരുന്നു. ഹദ്റത്ത് ഇബ്റാഹീമുംؑമകൻ ഇസ്മായീലുംؑഏകദൈവാരാധനയ്ക്കുവേണ്ടി നിർമിച്ച കഅ്ബ ദേവാലയത്തിനുചുറ്റും-അതിനെ പിന്നീട് അവരുടെ വഴിപിഴച്ച സന്താനങ്ങൾ ബിംബങ്ങളുടെ പണ്ടകശാലയാക്കിയിരുന്നു-വലംവെക്കുകയും അവിടെ വെച്ചിരുന്നു 360 ബിംബങ്ങൾ ഓരോന്നോരോന്നായി വടികൊണ്ടടിച്ച് തകർക്കുകയും ഇങ്ങനെ പറഞ്ഞുകൊണ്ടു മുന്നോട്ടുനീങ്ങുകയും ചെയ്തു: **ജാഅൽഹഖ്ഖു വ സഹഖൽ ബാതിലു ഇന്നൽ ബാതില കാന സഹൂഖാ** എന്ന് ചൊല്ലിക്കൊണ്ടിരിക്കുകയും ചെയ്തു. നബിﷺതിരുമേനിക്ക് ഹിജ്റത്തിനു മുമ്പേ ഇറങ്ങിയ സൂറ ബനീ ഇസ്റാഈലിലെ ആയത്താണിത്. ഈ സൂറത്തിൽ ഹിജ്റത്തിനെ കുറിച്ചും അതിനുശേഷമുണ്ടാകുന്ന മക്ക വിജയത്തെ കുറിച്ചും സുവാർത്ത ഉണ്ടായിരുന്നു. ഇതു ഹിജ്റയ്ക്കുമുമ്പേയുള്ള സൂറത്താണെന്ന് യൂറോപ്യൻ എഴുത്തുകാരും സമ്മതിച്ചിട്ടുണ്ട്. ഈ അധ്യായത്തിൽ ഇപ്രകാരം വന്നിരിക്കുന്നു:**വ ഖുൽർറബ്ബി അദ്ഖിൽനീ മുദ്ഖലസിദ്ഖിൻ വ്വ അഖ്രിജ്നീ മുഖ്റജ സിദ്ഖിൻ വ്വജ്അൽല്ലീ മിൻല്ലദുൻകസുൽത്വാനൻ ന്നസ്സീറാ വ ഖുൽ ജാഅൽഹഖ്ഖു വ സഹഖൽ ബാതിലു ഇന്നൽ ബാതില കാന സഹൂഖാ** (17:82) അതായത് നീ പറയുക: ബാഹ്യവും ആന്തരവുമായ നല്ല പ്രവേശന മാർഗത്തിൽ നീ എന്നെ പ്രവേശിപ്പിക്കുകയും ബാഹ്യവും ആന്തരവുമായ നല്ല പുറപ്പെടുന്ന മാർഗ്ഗത്തിലൂടെ എന്നെ പുറത്തുകൊണ്ടുവരികയും നിന്റെ പക്കൽനിന്നും നീ എനിക്ക് ശക്തനായി ഒരു സഹായകനെ നല്കുകയും ചെയ്യേണമേ. അതായത് ഹിജ്റത്തിന്റെ സമയത്ത്. അതുപോലെ നീ തന്നെ എനിക്ക് വിജയത്തിനും സഹായത്തിനുമുള്ള സംവിധാനം ഒരുക്കിത്തരേണമേ. ഇങ്ങനേയും പറയുക, സത്യം വന്നു. അസത്യം അപ്രത്യക്ഷമായി. അതായത് അന്യാരാധന പരാജയപ്പെട്ടോടി മറഞ്ഞു. അസത്യം അപ്രത്യക്ഷമാകുന്നതുതന്നെയാണ്. ഈ പ്രവചനം എങ്ങനെ അക്ഷരംപ്രതി പുലർന്നെന്നും ഹദ്റത്ത് അബൂബക്ർؓഈ വചനങ്ങൾ പാരായണം ചെയ്ത നേരത്ത് മുസ്‌ലിമീങ്ങളുടേയും സത്യനിഷേധികളുടേയും മാനസികാവസ്ഥ എന്തായിരുന്നുവെന്നും വിവരിക്കാൻ വാക്കുകൾ മതിയാകുകയില്ല. പറഞ്ഞതിന്റെ ചുരുക്കം അന്ന് ഇബ്റാഹീമിന്റെ പദവി വീണ്ടും ഏകദൈവാരാധനയ്ക്കായി മാത്രം സവിശേഷമാക്കപ്പെടുകയും ബിംബങ്ങൾ എന്നെന്നേക്കുമായി തകർക്കപ്പെടുകയും ചെയ്തു. നബിﷺതിരുമേനി ഹുബുൽ എന്നുപേരുള്ള ബിംബത്തെ വടികൊണ്ടടിച്ചപ്പോൾ അത് ഇളകിവീണു. അപ്പോൾ ഹദ്റത്ത് സുബയ്ർؓ, അബൂസുഫിയാനെ ചിരിച്ചുകൊണ്ടുനോക്കിപ്പറഞ്ഞു:'അബൂ സുഫിയാനേ!ഉഹുദ് ദിവസം ഓർമയുണ്ടോ? അന്നു മുസ്‌ലിമീങ്ങൾ മുറിവേറ്റ് ക്ഷീണിതരായി ഒരു ഭാഗത്തിരിക്കുമ്പോൾ നിങ്ങൾ അഹങ്കാരത്തോടെ **ഉഅ്ലുൽ ഹുബുൽ ഉഅ്ലുൽ ഹുബുൽ** ഹുബുൽ നീണാൾ വാഴട്ടെ ഹുബുൽ നീണാൾ വാഴട്ടെ എന്ന് കൊട്ടിഘോഷിക്കുന്നുണ്ടായിരുന്നല്ലോ!ഹുബുൽ ബിംബമാണ് മുസ്‌ലിമീങ്ങൾക്കെതിരിൽ നിങ്ങൾക്ക് വിജയം നല്കിയതെന്നും പറയുന്നുണ്ടായിരുന്നുവല്ലോ! ഇപ്പോഴിതാ നോക്കൂ! താങ്കളുടെ മുമ്പിൽ ഹുബുൽ തുണ്ടംതുണ്ടമാക്കപ്പെട്ടിരിക്കുന്നു. അബൂസുഫിയാൻ പറഞ്ഞു: "സുബയ്റേ! അതൊക്കെ ഇനി വിട്ടുകളയൂ. ഇന്ന് ഒരു കാര്യം ഞങ്ങൾക്കു നല്ലപോലെ ബോധ്യമായി. മുഹമ്മദു റസൂലുല്ലായുടെ ദൈവത്തിനു പുറമെ വേറൊരു ദൈവവുമുണ്ടായിരുന്നെങ്കിൽ ഇന്ന് ഞങ്ങൾക്കിതിന് സാക്ഷ്യം വഹിക്കേണ്ടി വരുമായിരുന്നില്ല. തുടർന്ന് കഅ്ബാലയത്തിനുള്ളിലുള്ള ഹദ്റത്ത് ഇബ്റാഹീംؑന്റേയും മറ്റും ചിത്രങ്ങൾ മായ്ച്ചുകളയാൻ നബിﷺതിരുമേനി കൽപ്പിച്ചു. ദൈവവാഗ്ദാനങ്ങൾ പുലർന്നതിന് കൃതജ്ഞതയെന്നോണം രണ്ടു റക്അത്ത് കഅ്ബയ്ക്കുള്ളിൽ നമസ്കരിക്കുകയും ചെയ്തു. അതുകഴിഞ്ഞ് പുറത്തുവരികയും അവിടേയും രണ്ടുറക്അത്ത് നമസ്കരിക്കുകയും ചെയ്തു. കഅ്ബാലയത്തിലെ ചിത്രങ്ങൾ മായിക്കുന്നതിന് നബിﷺതിരുമേനി ഹദ്റത്ത് ഉമറിനെ നിശ്ചയിച്ചിരുന്നു. ഹദ്റത്ത് ഇബ്റാഹീംؑനെ തങ്ങളും വിശ്വസിക്കുന്നതല്ലേ എന്നു കരുതി അദ്ദേഹം ഇബ്റാഹീംؑനബിയുടെ ചിത്രം മായിച്ചില്ല. ആ ചിത്രം മാറ്റാത്തതു കണ്ടപ്പോൾ നബിﷺതിരുമേനി ചോദിച്ചു: ഉമറേ!താങ്കളിതെന്താണ് ചെയ്തത്? അല്ലാഹു ഇങ്ങനെ പറഞ്ഞിട്ടില്ലേ? **മാകാന ഇബ്റാഹീമു യഹൂദിയ്യൻവ്വലാ നസ്റാനിയ്യൻ വലാക്കിൻ കാന ഹനീഫൻമ്മുസ് ലിമൻ വ്വ മാ കാന മിനൽ മുശ്രിക്കീൻ**(3:68) ഇബ്റാഹീം ജൂതനോ ക്രിസ്ത്യാനിയോ ആയിരുന്നില്ല. പ്രത്യുത അദ്ദേഹം (ദൈവത്തിലേക്ക്)സദാ കുനിയുന്നവനും പരിപൂർണ അനുസരണമുള്ളവനുമായിരുന്നു. അദ്ദേഹം ബഹുദൈവവിശ്വാസികളിൽ പെട്ടവനായിരുന്നില്ല. അങ്ങനെ നബിﷺതിരുമേനിയുടെ കൽപ്പനയാൽ ആ ചിത്രവും മായിക്കപ്പെട്ടു.

അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ കണ്ടുകൊണ്ട് മുസ്‌ലിമീങ്ങളുടെ ഹൃദയം അന്ന് ഈമാൻകൊണ്ട് എത്രമാത്രം നിറഞ്ഞിരുന്നുവെന്നാൽ, മുഹമ്മദു റസൂലുല്ലായുടെﷺപ്രതാപത്തിൽ അവരുടെ വിശ്വാസം വർധിക്കുകയും ഇബ്റാഹീമിന്റെ മകൻ ഇസ്മായീലിന് അല്ലാഹു ദൃഷ്ടാന്തമായി നല്കിയ സംസം നീരുറവയിൽനിന്ന് നബിﷺതിരുമേനി വെള്ളം വരുത്തിക്കുകയും അൽപ്പം കുടിച്ച ശേഷം ബാക്കിവെള്ളംകൊണ്ടു വുളു എടുക്കുകയും ചെയ്തപ്പോൾ നബിﷺതിരുമേനിയുടെ ദേഹത്തുനിന്നും ഒരു തുള്ളിവെള്ളംപോലും ഭൂമിയിൽപ്പതിക്കുകയുണ്ടായില്ല. മുസ്‌ലിമീങ്ങൾ ഉടനടി അതു കോരിയെടുക്കുകയും അനുഗ്രഹലബ്ധിയെന്നോണം ദേഹത്ത് പുരട്ടുകയും ചെയ്യുമായിരുന്നു. അതുകണ്ട് അന്യാരാധകർ പറഞ്ഞിരുന്നത് ഞങ്ങൾ ലോകത്ത് ഒരു രാജാവിനേയും പ്രജകൾ ഇത്രയധികം സ്നേഹിക്കുന്നതായി കണ്ടിട്ടില്ലെന്നായിരുന്നു.*(ദീബാച്ച തഫ്സീറുൽഖുർആൻ, അൻവാറുൽ ഉലൂം വാല്യം 20, പേജ് 345-347)*

ഹദ്റത്ത് മസീഹ് മൗഊദ്ؑപറയുന്നു:"ഇക്കാര്യം മനസ്സാന്നിദ്ധ്യത്തോടുകൂടി ഓർമ വെക്കുവിൻ. ബയ്ത്തുല്ലായിൽ ഹജ്റെ അസ്വദ് കിടക്കുന്നതുപോലെയാണ് ഹൃദയം നെഞ്ചിനുള്ളിൽ കിടക്കുന്നത്." ഹദ്റത്ത് മസീഹ് മൗഊദ്ؑനമ്മുടെ നെഞ്ചിനുള്ളിലെ ഹൃദയത്തെ ഹജ്റെ അസ്വദിനോടു ഉപമിച്ചുപറയുകയാണ്. തുടർന്നു പറയുന്നു:ബയ്ത്തുല്ലായിലും ഒരു കാലത്ത് സത്യനിഷേധികൾ ബിംബങ്ങൾ പ്രതിഷ്ഠിച്ചിരുന്നു. ബയ്ത്തുല്ലായ്ക്ക് അങ്ങനെ ഒരവസ്ഥ വരാതിരിക്കാമായിരുന്നു. എന്നാലങ്ങനെയല്ല. അല്ലാഹു അതിനെ ഒരു ഉപമയായി വെച്ചു. മനുഷ്യഹൃദയവും ഹജ്റെ

**• ഹദീഥുന്നബവിﷺ •**

"അദ്ദാലു അലൽഖയ്രി കഫായിലിഹീ."

**നന്മയെക്കുറിച്ചു മാർഗദർശനം നല്കുന്നയാൾ അത് ചെയ്യുന്നവനെപ്പോലെയാണ്.**

ത്വാലിബെ ദുആ
**LATE P.V.SAINAB AND FAMILY**
KARULAI, MALAPPURAM

**• ഹദീഥുന്നബവിﷺ •**

"യിദത്തുൽ മുഅ്മിനി കഅഖ്ദിൽകഫ്ഫി."

**വിശ്വാസിയുടെ വാഗ്ദാനം കൈയിൽ കിട്ടിയതുപോലെയാണ്.**

ത്വാലിബെ ദുആ
**PROF.M.K.ABDUL KAREEM AND FAMILY**
KARULAI, MALAPPURAM

അസ്‌വദിന് സമാനമാകുന്നു. നെഞ്ചകം ബയ്ത്തുല്ലായ്ക്ക് സാദൃശവും ദൈവത്തിനുപുറമെയുള്ളചിന്തകൾ കഅ്ബയിൽ വെച്ച ബിംബങ്ങളും. അതായത് മനുസ്സിലുണ്ടാകുന്ന ദൈവേതര ചിന്തകളെല്ലാം ബിംബങ്ങളാണ്. വിശുദ്ധമക്കയിലെ ബിംബങ്ങൾ തകർക്കപ്പെട്ടത് നമ്മുടെ നബിﷺതിരുമേനി പത്തായിരം പരിശുദ്ധന്മാരോടൊപ്പം അവിടെപ്പോയി മക്ക ജയിച്ചടക്കിയപ്പോഴായിരുന്നു. ഈ പത്തായിരം സ്വഹാബാക്കളെ മുൻ ഗ്രന്ഥങ്ങളിൽ മലക്കുകൾ എന്നാണ് എഴുതിയിട്ടുള്ളത്. യഥാർഥത്തിൽ അവർ മലക്കുകൾക്ക് തുല്യസ്ഥാനമലങ്കരിക്കുന്നവരായിരുന്നു. മനുഷ്യന്റെ കഴിവുകൾക്കും ഒരു തരത്തിൽ മലക്കുകളുടെ നിലവാരമുണ്ട്. ഏതുപോലെ മലക്കുകളുടെ സവിശേഷത **യഫ്അലൂന മാ യുഅ്മറൂൻ** (16:51)അവരോടു കൽപ്പിക്കപ്പെടുന്നത് അവർ പ്രവർത്തിക്കുകയും ചെയ്യുന്നു എന്നതാണ്.

അതുപോലെ മാനുഷികമായ കഴിവുകളുടെ ഒരു സവിശേഷത അവ ആജ്ഞാനുവർത്തികളാണെന്നതാണ്. അപ്രകാരംതന്നെ എല്ലാ കഴിവുകളും അവയവങ്ങളും മനുഷ്യകൽപ്പനയ്ക്കധീനമാണ്. അതിനാൽ ദൈവേതരമായ ബിംബങ്ങളെ അതിജയിക്കാനും വിപാടനം ചെയ്യാനും അവയ്ക്കുമേൽ ഇതേപ്രകാരം ആധിപത്യം നേടേണ്ടത് അനിവാര്യമാകുന്നു. ഈ സൈന്യം ആത്മവിശുദ്ധിയാലാണ് സുസജ്ജമാകുന്നത്. വിശുദ്ധി കൈവരിക്കുന്നവർക്കാണ് വിജയം പ്രാപ്യമാകുക. വിശുദ്ധ ഖുർആനിൽവന്നിരിക്കുന്നു: ഖദ് അഫ്‌ലഹ മൻസക്കാഹാ(91:10) അതിനെ പരിശുദ്ധമാക്കിയവൻ തീർച്ചയായും വിജയം പ്രാപിച്ചു. ഹദീഥിൽ വന്നിട്ടുള്ളതും ഇപ്രകാരമാണ്. ഹൃദയസംസ്കരണം നടന്നാൽ മുഴുവൻ ശരീരത്തിന്റേയും സംസ്കരണം നടക്കുന്നതാണ്. ഇതെത്രമാത്രം സത്യമാണെന്നാൽ, കണ്ണ്, കാത്, കൈ, കാൽ, നാവ് മുതലായ എത്രകണ്ട് അവയങ്ങളുണ്ടോ യഥാർഥത്തിൽ ഹൃദയത്തിന്റെ കൽപ്പനയെ പിൻപറ്റുകയാണ് ചെയ്യുന്നത്. ഒരു വിചരമുണ്ടാകുന്നു. പിന്നീട് അത് ഏതു അവയവത്തെ സംബന്ധിച്ചാണോ ഉള്ളത് അത് ക്ഷണത്തിൽ അത് നടപ്പിലാക്കാൻ തയ്യാറാകുന്നു.”
*(മൽഫൂദാത്ത് വാള്യം 1, പേജ് 172-173, 2022 പതിപ്പ്)*

ഹദ്റത്ത് മസീഹ് മൗഊദ്ؑഈ ഉപമ നല്കിക്കൊണ്ടു പറയുന്നത് നിങ്ങളുടെ ഹൃദയങ്ങളിലെ ബിംബങ്ങളേയും അകറ്റുക എന്നാണ്. അപ്പോൾ മാത്രമെ നിങ്ങൾ യഥാർഥ വിശ്വാസികളാകുകയുള്ളു. നബിﷺതിരുമേനി ആ അവസരത്തിൽ പ്രഭാഷണവും നടത്തിയിരുന്നു. ഹദ്റത്ത് ഇബ്നു അബ്ബാസ്ؓനിവേദനം. അദ്ദേഹം പറഞ്ഞു: നബിﷺതിരുമേനി മക്കവിജയദിവസം പറഞ്ഞു: അല്ലാഹു മക്കയെ പരിശുദ്ധമാക്കിയിരിക്കുന്നു. എനിക്കു മുമ്പേയും എനിക്കു ശേഷവും ഒരാൾക്കും അവിടെ യുദ്ധം അനുവദിച്ചിട്ടില്ല. എനിക്കുതന്നെ പകലിലെ ഒരു മണിക്കൂർ മാത്രമാണ് അനുവദിക്കപ്പെട്ടത്. അവിടുത്തെ പുല്ലരിയുവാനോ മരം മുറിക്കുവാനോ വേട്ട മൃഗത്തെ ഓടിക്കുവാനോ വീണുപോയ വസ്തു അതിന്റെ ഉടമസ്ഥനല്ലാതെ എടുക്കുവാനോ പാടില്ല. അപ്പോൾ ഇബ്നുഅബ്ബാസ്ؓപറഞ്ഞു:ഇദ്ഖർ പുല്ല് ഒഴിവാക്കിയാൽ കൊള്ളാം. അത് ഞങ്ങൾ ഖബ്റുകളിൽ വെക്കുയും പുരമേയുകയും ചെയ്യാറുണ്ട്. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: എന്നാൽ, ഇദ്ഖർ ഒഴിച്ച്. *(സ്വഹീഹ് ബുഖാരി കിതാബുൽ ജിസിയ ഹദീഥ് 3189)*

ഹദ്റത്ത് അബൂഹുറയ്റؓ നിവേദനം.അദ്ദേഹം പറഞ്ഞു: അല്ലാഹു തന്റെ റസൂലിന് മക്കാവിജയം നല്കിയപ്പോൾ നബിﷺതിരുമേനി ആളുകളെ സംബോധനചെയ്തു: ആദ്യം ദൈവസ്തോത്രങ്ങൾ ചെയ്തു. പിന്നീടു പറഞ്ഞു: നിശ്ചയമായും അല്ലാഹു മക്കയെ ആനക്കാരിൽനിന്ന് രക്ഷപ്പെടുത്തി. അവൻ തന്റെ ദൂതനും വിശ്വാസിസമൂഹത്തിനും അവർക്കുമേൽ വിജയം നല്കി. എനിക്കുമുമ്പേ ആർക്കുമത് (ഹറമിലെ യുദ്ധം)അനുവദനീയമായിരുന്നില്ല. എനിക്കും ദിവസത്തിലെ ഒരു നേരമാണ് അനുവദനീയമാക്കിയത്. അതിനുശേഷം ആർക്കും അനുവദനീയമല്ല. അവിടുത്തെ പുല്ലരിയുവാനോ മരം മുറിക്കുവാനോ വേട്ട മൃഗത്തെ ഓടിക്കുവാനോ വീണുപോയ വസ്തു അതിന്റെ ഉടമസ്ഥനല്ലാതെ എടുക്കുവാനോ പാടില്ല. ആരെയെങ്കിലും വധിച്ചാൽ രണ്ടുകാര്യങ്ങളിലൊന്നുചെയ്യാം. ഫിദ്‌യാ നല്കുക. അല്ലെങ്കിൽ ഖിസ്വാസ് അഥവാ തത്തുല്യമായി പകരം വീട്ടുക. ഹദ്റത്ത് അബ്ബാസ്ؓപറഞ്ഞു: ഇദ്ഖർ പുല്ല് ഒഴിവാക്കണം. കാരണം അത് ഞങ്ങൾ ഖബ്റുകളിലിടാനും വീടുമേയാനും ഉപയോഗിക്കുന്നതാണ്. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു:ഇദ്ഖർ പുല്ലൊഴികെ. അത് വെട്ടാവുന്നതാണ്. യമൻകാരനായ അബൂശാഹ് എഴുന്നേറ്റു പറഞ്ഞു:‘അല്ലാഹുവിന്റെ റസൂലേ! എനിക്കുവേണ്ടി എഴുതിയാലും.’ അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: അബൂശാഹിനുവേണ്ടി എഴുതുക. നിവേദകൻ പറയുന്നു: ഔസായിയോടു ചോദിച്ചു: എനിക്കുവേണ്ടി എഴുതുക എന്നു പറഞ്ഞതുകൊണ്ട് അദ്ദേഹം ഉദ്ദേശിച്ചതെന്താണ്? അദ്ദേഹം പറഞ്ഞു: അങ്ങനെ പറഞ്ഞതുകൊണ്ടുള്ള ഉദ്ദേശ്യം നബിﷺതിരുമേനി നിർവഹിച്ച പ്രഭാഷണം, അത് അദ്ദേഹം ഇപ്പോൾ കേട്ടതാണ് അത് അദ്ദേഹത്തിന് എഴുതി നല്കണമെന്നാണ്. അങ്ങനെ അദ്ദേഹം അത് എഴുതിപ്പിച്ചു.*(സ്വഹീഹ് ബുഖാരി ഹദീഥ് 2434)*

സീറത്ത് ഇബ്നുഹിശാമിൽ വിവരിക്കപ്പെട്ടിരിക്കുന്നു. നബിﷺതിരുമേനി കഅ്ബയുടെ വാതിൽക്കൽ നിന്നുകൊണ്ടു പറഞ്ഞു: അല്ലാഹുവല്ലാതെ ആരാധനയ്ക്കർഹൻ മറ്റാരുമില്ല. അവൻ ഏകനാകുന്നു. അവന് ഒരു പങ്കുകാരനുമില്ല. അവൻ തന്റെ വാഗ്ദാനം സത്യപ്പെടുത്തികാണിച്ചു. ഏകനായിക്കൊണ്ട് എല്ലാ സംഘങ്ങളേയും പരാജയപ്പെടുത്തി. അല്ലയോ ജനങ്ങളേ! എല്ലാ അഭിമാനവും എല്ലാ പകരംവീട്ടലും എല്ലാരക്തവിലയും അഥവാ നഷ്ടപരിഹാഹരവും എന്റെ കാലിന്നടിയിലാണ്. എന്നാൽ, കഅ്ബാലയത്തിന്റെ താക്കോൽ സൂക്ഷിപ്പും സംസം ജലവിതരണവും മുമ്പേ ചെയ്തുവരുന്നവർക്കുതന്നെ അവകാശപ്പെട്ടതാണ്. അല്ലയോ ജനങ്ങളേ!ആരെങ്കിലും അബദ്ധവശാൽ വടിയോ ചാട്ടവാറോകൊണ്ട് വധിക്കപ്പെട്ടാൽ ദിയത്ത് അഥവാ ദയാധനം നൂറു ഒട്ടകങ്ങളാണ്. അല്ലയോ ഖുറയ്ശികളേ!ജാഹിലിയ കാലഘട്ടത്തിൽ നിങ്ങളുടെ പിതാമഹന്മാർക്കുണ്ടായ അന്തസ്സും ആഭിജാത്യവും അല്ലാഹു എടുത്തുമാറ്റിയിരിക്കുന്നു. അങ്ങനെയുള്ള കുലമഹിമ ഇനിയില്ല. എല്ലാവരും ആദംസന്തതികളാണ്. ആദം മണ്ണുകൊണ്ട് സൃഷ്ടിക്കപ്പെട്ടവനാണ്. തുടർന്ന് നബിﷺതിരുമേനി ഒരു ആയത്തോതി:

**യാ അയ്യുഹന്നാസു ഇന്നാ ഖലഖ്നാക്കും മ്മിൻ ദക്‌രിൻ വ്വ ഉൻഥാ വ ജഅൽനാക്കും ശുഊബൻ വ്വ ഖബാഇല ലിതആരിഫൂ ഇന്ന അക്‌റമക്കും ഇൻദല്ലാഹു അത്ഖാക്കും ഇന്നല്ലാഹ അലീമുൻ ഖബീർ.**

മനുഷ്യരേ!തീർച്ചയായും നാം നിങ്ങളെ ആണിൽനിന്നും പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധസമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു;നിങ്ങൾ അന്യോന്യം പരിചയപ്പെടുന്നതിനുവേണ്ടി. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽവച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽവച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു(49;14) തുടർന്ന് നബിﷺതിരുമേനി ചോദിച്ചു. അല്ലയോ ഖുറയ്ശികളേ! ഞാൻ നിങ്ങളോടു എങ്ങനെ പെരുമാറു

• ഹദീഥുന്നബ്‌വിﷺ •

“തർക്കുദ്ദുആഇ മഅ്സ്വിയത്തുൻ’

ദുആ ഉപേക്ഷിക്കുന്നത് പാപമാണ്.

ത്വാലിബെ ദുആ

RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വിﷺ •

“സിൻ വർജിഹ്.”

അളന്നു കൊടുക്കുമ്പോൾ കൂടുതൽ കൊടുക്കുക.

ത്വാലിബെ ദുആ

P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

മെന്നാണ് നിങ്ങൾ കരുതുന്നത്? ഖുറയ്ശികൾ പറഞ്ഞു:'അങ്ങ് നല്ലതുമാത്രമെ ചെയ്യുകയുള്ളൂ.' അവർ അമുസ്‌ലിമീങ്ങളായിരുന്നു. നബിﷺതിരുമേനിയുടെ സഹോദരന്മാരും സഹോദരപുത്രന്മാരും ആയിരുന്നു. അപ്പോൾ നബിﷺ തിരുമേനി പറഞ്ഞു: 'എന്നാൽ ശരി! പോകുക!നിങ്ങളെല്ലാവരും സ്വതന്ത്രരാണ്.'*(സീറത്ത് ഇബ്നു ഹിശാം, പേജ് 744, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബിﷺതിരുമേനി മക്കയിലെ അവിശ്വാസികളോടു പറഞ്ഞു: **അഖൂലു കമാ ഖാല യൂസുഫു :ലാ തഥ്‌രീബ അലയ്ക്കുമുൽ യൗമ യഗ്ഫിഫുല്ലാഹു ലക്കും വ ഹുവ അർഹമുർറാഹിമീൻ** *(അസ്സുനനുൽ കുബ്റാ ലിൽബയ്ഹഖി വാള്യം 9, പേജ് 200, ഹദീഥ് 18275, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2003)* ഞാനും യൂസുഫ് പറഞ്ഞതുപോലെ തന്നെ പറയും. ഇന്നത്തെ ദിവസം നിങ്ങൾക്കെതിരെ ഒരാക്ഷേപവുമില്ല. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരുന്നതാണ്. അവൻ കാരുണ്യവാന്മാരിൽവെച്ചെല്ലാം ഏറ്റവും വലിയ കാരുണ്യവാനാണ്. പൊതുമാപ്പു വിളംബരം ചെയ്തത് കേട്ടപ്പോൾ ആളുകളിപ്പോൾ ഖബ്റിൽനിന്ന് പുറത്തുവന്നതേയുള്ളു എന്നു തോന്നുമാറ് പുറത്തിറങ്ങുകയും എല്ലാവരും ഇസ്‌ലാമിൽ പ്രവേശിക്കുകയും ചെയ്തു. അതു കേട്ടതും അവരെല്ലാവരും ഇസ്‌ലാം ആശ്ലേഷിക്കാൻ തുടങ്ങി.

ഹദ്റത്ത്മുസ്‌ലിഹ് മൗഊദ്رضـ മക്കക്കാർക്ക് മാപ്പു നൽകപ്പെട്ട സംഭവം ഇപ്രകാരം വിവരിക്കുന്നു:"നബിﷺതിരുമേനി പ്രഭാഷണം പൂർത്തിയാക്കിയപ്പോൾ മക്കനിവാസികൾ നബിﷺതിരുമേനിയുടെ അടുത്ത് ഹാജരായി. നബിﷺതിരുമേനി പറഞ്ഞു: അല്ലയോ മക്കക്കാരേ! അല്ലാഹുവിന്റെ വാക്ക് അക്ഷരംപ്രതി പുലർന്നത് എങ്ങനെയെന്ന് നിങ്ങൾ കണ്ടിരിക്കുന്നു. ഇനി പറയുക, നിങ്ങൾ ഏക ദൈവാരാധന നടത്തിയ പാവം ഭക്തദാസരോടു ചെയ്ത കൊടും ദ്രോഹങ്ങൾക്കും അതിക്രമങ്ങൾക്കും നിങ്ങളോടു എങ്ങനെയാണ് പകരം വീട്ടേണ്ടത്? മക്കക്കാർ പറഞ്ഞു: യൂസുഫ് തന്റെ സഹോദരന്മാരോടു ചെയ്ത അതേ പെരുമാറ്റമാണ് ഞങ്ങൾ അങ്ങയിൽനിന്ന് പ്രതീക്ഷിക്കുന്നത്! അല്ലാഹുവിന്റെ വിധിവിലാസമെന്നു പറയട്ടെ, സൂറ യൂസുഫിൽ മുമ്പേതന്നെ പ്രവചിക്കപ്പെട്ട മക്കവിജയത്തിനു പത്തുവർഷം മുമ്പേ പറയപ്പെട്ട അതേ വാക്കുകൾ അതായത് മക്കക്കാരോടു യൂസുഫിന്റെ സഹോദരന്മാർക്കുണ്ടായ അതേ നടപടിയായിരിക്കും ഉണ്ടാകുക എന്ന കാര്യംതന്നെ മക്കക്കാരുടെ വായിൽനിന്ന് പുറത്തുവന്നു. ചുരുക്കത്തിൽ നബിﷺതിരുമേനി യൂസുഫിന്റെ പ്രതിപുരുഷനാണെന്ന് യൂസുഫിനെപ്പോലെ അല്ലാഹു നബിﷺതിരുമേനിയ്ക്കും സ്വസഹോദരന്മാരുടെമേൽ വിജയം നല്കുമെന്നും മക്കക്കാരുടെ വായിൽനിന്നുതന്നെ സാക്ഷ്യം വന്നപ്പോൾ നബിﷺതിരുമേനി ഇപ്രകാരം വിളംബരപ്പെടുത്തി, **തല്ലാഹി! ലാ തഥ് രീബ അലയ്ക്കുമുൽയൗം** അല്ലാഹുവാണെ സത്യം! ഇന്ന് നിങ്ങൾക്ക് ഒരു ശിക്ഷയും ലഭിക്കുന്നതല്ല. ഇന്ന് നിങ്ങളോടു ഒരു പ്രതിക്രിയ നടപടിയും ഉണ്ടാകുന്നതുമല്ല."*(ദീബാച്ച തഫ്സീറുൽ ഖുർആൻ-അൻവാറുൽ ഉലൂം, വാള്യം 20, പേജ്34-348)*

ഹദ്റത്ത് മസീഹ് മൗഊദ്عليه السلامവിവരിക്കുന്നു:"നബിﷺതിരുമേനി മക്ക ജയിച്ചടക്കിയപ്പോൾ എല്ലാ സത്യനിഷേധികളും ബന്ധനസ്ഥരായി നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരാക്കപ്പെട്ടു. അപ്പോൾ സത്യനിഷേധികൾ സ്വയംതന്നെ ഇങ്ങനെ പ്രഖ്യാപിച്ചു: ഞങ്ങൾ ഞങ്ങളുടെ മഹാകുറ്റകൃത്യങ്ങൾ നിമിത്തം വധാർഹരാണ്. അങ്ങയുടെ കാരുണ്യത്തിനായി ഞങ്ങളെ ഞങ്ങൾ സ്വയം അർപ്പിക്കുന്നു. നബിﷺ തിരുമേനി എല്ലാവർക്കും പൊറുത്തു കൊടുത്തു. ആ സന്ദർഭത്തിൽ മാപ്പു ലഭിക്കാൻ ഇസ് ലാം മതം സ്വീകരിക്കണമെന്ന നിബന്ധനയൊന്നും വെച്ചില്ല. എന്നാൽ, അക്കൂട്ടർ ഈ ഉദാരമനസ്കത കണ്ട് സ്വയം മുസ്‌ലിമീങ്ങളായി."(ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസാഇൻ വാള്യം 23, പേജ് 235)

മറ്റൊരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ്عليه السلامപറയുന്നു:"അക്കാലത്തെ അവസ്ഥയിലേക്ക് കണ്ണോടിച്ചാൽ മാത്രമെ നബിﷺ തിരുമേനിയുടെ ധാർമികശക്തിയുടെ മാഹാത്മ്യം മനസ്സിലാക്കാൻ സാധിക്കുകയുള്ളു. ശത്രുക്കൾ നബിﷺതിരുമേനിയേയും അനുചരന്മാരേയും അങ്ങേയറ്റം ബുദ്ധിമുട്ടിച്ചിട്ടും പകരമായി നബിﷺ തിരുമേനിക്ക് പൂർണമായും ശാക്തികമായ അധികാരങ്ങൾ കൈവന്നിട്ടും അവിടന്ന് കൈക്കൊണ്ട നടപടിയിൽനിന്ന് നബിﷺതിരുമേനിയുടെ സ്ഥാനമാഹാത്മ്യം വെളിപ്പെടുന്നുണ്ട്. അബൂജഹ്‌ലും അയാളുടെ മറ്റുകൂട്ടുകാരും നബിﷺതിരുമേനിയ്ക്കും അവിടത്തെ ആത്മാർപ്പണം ചെയ്ത സേവകർക്കുമ്മേൽ അഴിച്ചുവിടാത്ത ഏതു അക്രമമാണുള്ളത്? പാവപ്പെട്ട മുസ്‌ലിം സ്ത്രീകളെ ഒട്ടകങ്ങളുടെ കാലിൽകെട്ടി എതിർദിശകളിലേക്കോടിച്ച് പിളർത്തിയിരുന്നു. അവരുടെ കുറ്റം അവർ ലാ ഇലാഹ ഇല്ലല്ലായിൽ നിലകൊണ്ടു എന്നതുമാത്രമായിരുന്നു. നബിﷺതിരുമേനി അതും ക്ഷമിച്ചു. മക്കാ വിജയാവസരത്തിലും **ലാ തഥ്‌രീബ അലയ്ക്കുമുൽയൗം** എന്നു പറഞ്ഞുകൊണ്ട് മാപ്പാക്കി. മറ്റൊരു പ്രവാചകനിലും കാണപ്പെടാത്ത എത്ര മഹത്തായ സ്വഭാവമാണിത്. **അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ്വ അലാ ആലി മുഹമ്മദിൻ.**"*(മൽഫൂദാത്ത് വാള്യം 1, പേജ് 485, പതിപ്പ് 2022)*

തുടർന്ന് അദ്ദേഹം പറയുന്നു:"അതിക്രമങ്ങൾ പ്രവർത്തിച്ചവരെ മക്കാവിജയത്തെ തുടർന്ന് വേണമെങ്കിൽ നബിﷺതിരുമേനിയ്ക്ക് അരിഞ്ഞിടാമായിരുന്നു. എന്നാൽ, അവിടന്ന് കരുണ കാണിച്ചു.ലാ തഥ്‌രീബ അലയ്ക്കുമുൽയൗം എന്നു പറഞ്ഞു. നബിﷺതിരുമേനി മാപ്പാക്കിയ ക്ഷണത്തിൽ അവരെല്ലാം ഒന്നിച്ച് മുസ്‌ലിമായി. ഇത്തരത്തിലുള്ള ഉന്നതമായ ധാർമികഗുണം മറ്റേതെങ്കിലും പ്രവാചകനിൽ കാണാൻ കഴിയുമോ? ഒരിക്കലുമില്ല. അക്കൂട്ടർ നബിﷺ തിരുമേനിയേയും മറ്റുബന്ധുമിത്രാദികളേയും സ്വഹാബാക്കളേയും കൊടിയദുരിതങ്ങളിൽ അകപ്പെടുത്തിയിട്ടും പൊറുക്കാനാകാത്ത യാതനകളുണ്ടാക്കിയിട്ടും ആ മഹാത്മാവിന് ഏതു ശിക്ഷയും നല്കാനുള്ള അധികാരമുണ്ടായിട്ടും ക്ഷണത്തിൽ മാപ്പു നല്കുകയായിരുന്നു. അവർക്ക് ശിക്ഷ നല്കിയിരുന്നെങ്കിൽ അത് തികച്ചും നീതിയും ന്യായവുതന്നെയായിരുന്നു. എന്നാൽ, നബിﷺ തിരുമേനി തദവസരത്തിൽ തന്റെ ക്ഷമയുടേയും ഔദാര്യത്തിന്റേയും മാതൃക കാഴ്ച വെച്ചു. ഇക്കാര്യങ്ങൾ അത്ഭുതദൃഷ്ടാന്തങ്ങൾക്ക് പുറമെ സ്വഹാബാക്കളെ പ്രഭാവിതരാക്കുകയും ചെയ്തിരുന്നു. നബിﷺതിരുമേനി മുഹമ്മദ് എന്ന നാമത്തെ അന്വർഥമാക്കി. സ്വല്ലല്ലാഹു അലയ്ഹിവസല്ലം. ഭൂമിയിൽ ആ മഹാത്മാവ് സ്തുതിക്കപ്പെട്ടു. അതുപോലെതന്നെ വാനലോകത്തും വാഴ്ത്തപ്പെട്ടു. വാനലോകത്തും അവിടന്ന് മുഹമ്മദായിരുന്നു. ഈ നാമം നബിﷺതിരുമേനിയ്ക്ക് അല്ലാഹു മാലോകർക്കുള്ള മാതൃകയെന്നോണമാണ് നല്കിയത്."ഹദ്റത്ത് മസീഹ് മൗഊദ്عليه السلامപറയുന്നു:"ഏതുവരെ മനുഷ്യൻ തന്റെയുള്ളിൽ ഇത്തരത്തിലുള്ള ധാർമികത ഉണ്ടാക്കുന്നില്ലയോ ഒരു ഗുണവുമില്ല.നബിﷺതിരുമേനിയുടെ സ്വഭാവങ്ങളും കർമരീതികളും തങ്ങളുടെ മാർഗദർശനമാക്കാത്തിടത്തോളം ഒരാളുടെ ഉള്ളിൽ ദൈവസ്നേഹം തികവാർന്നനിലയിൽ ഉണ്ടാകുകയില്ല."*(മൽഫൂദാത്ത് വാള്യം 2, പേജ് 425-426, 2022 പതിപ്പ്)*

**അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ ആലി മുഹമ്മദ്.** ബാക്കി പിന്നീട് വിവരിക്കുന്നതാണ്.

ഈ നേരത്ത് ഞാൻ രണ്ടു പരേതാത്മക്കളെ സ്മരിക്കുകയും അവരുടെ ജനാസ ഗാഇബ് നമസ്കരിക്കുകയും ചെയ്യുന്നതാണ്. ആദ്യത്തേത് പരേതനായ സയ്യിദ് മൗലൂദ് അഹ്മദ് സാഹിബിന്റെ ഭാര്യ സയ്യിദ ലുബ്നാ അഹ്മദ് സാഹിബയുടേതാണ്. 71 വയസ്സായിരുന്നു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൂൻ.* മൂസിയ ആയിരുന്നു. കേന്ദ്രതലത്തിലല്ലെങ്കിലും സ്വന്തം ഹൽഖയിൽ ലജ്നയെ സേവിക്കാനുള്ള അവസരങ്ങൾ ലഭിച്ചിരുന്നു. അവരുടെ വിവാഹം സാഹിബ്സാദി അമത്തുൽ ഹക്കീം ബീഗം സാഹിബയുടേയും സയ്യിദ് ദാവൂദ് മുളഫ്ഫർ ശാഹ് സാഹിബിന്റേയും മകനായ സയ്യിദ് മൗലൂദ് സാഹിബുമായി നടന്നു. ഇവരുടെ നിക്കാഹ് വിളംബരം ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹ്) മിർസാ നാസിർ അഹ്മദ് സാഹിബാണ്(റഹ്)നടത്തിയത്. ആ അവസരത്തിൽ നടത്തിയ ചില ഉപദേശനിർദേശങ്ങൾ ഞാൻ ഇവിടെ കേൾപ്പിക്കാം. ഇക്കാലത്തെ ബന്ധങ്ങൾക്ക് അതു ഗുണം ചെയ്യുന്നതാണ്. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹ്)പറയുന്നു: ഭാര്യഭർതൃബന്ധം ഒട്ടുവൃക്ഷംപോലെയാണ്. തുടക്കം മുതൽക്കെ അതു വളരെ സൂക്ഷിച്ചുകൊണ്ടു നടക്കേണ്ടതുണ്ട്. വിശുദ്ധഖുർആനിന്റെ നിർദേശപ്രകാരം ഈ ഒട്ടിച്ചു ചേർക്കൽ ചൊവ്വായ ഹഖിന്റെ നൂലുകൊണ്ട് കെട്ടിമുറുക്കേണ്ടതാണ്. അപ്പോൾ മാത്രമെ അതു സുരക്ഷിതമാകുകയുള്ളൂ. അ

തിന്റെ ഉത്തരവാദിത്വം ഭാര്യാഭർത്താക്കന്മാർക്കു മാത്രമല്ല അവരുടെ കുടുംബങ്ങൾക്കും ചുറ്റുപാടിനും സുഹൃത്തുക്കൾക്കുമുണ്ട്. കാരണം ദുർഭാവനകളും പരദൂഷണങ്ങളും അക്ഷമയും കോപവും നിമിത്തം ഒരുപാട് തിന്മകൾ ഉടലെടുക്കാറുണ്ട്. അവ തടയുന്നതിന് ചൊവ്വായ വാക്ക് ശക്തമായൊരു നൂലാണ്.

തുടർന്നു പറഞ്ഞു: ഞാനിപ്പോൾ വിളംബരം ചെയ്യുന്ന നിക്കാഹ് ഇരു കുടുംബങ്ങൾക്കും ജമാഅത്തിനും മനുഷ്യകുലത്തിനും അല്ലാഹു അനുഗൃഹീതമാക്കുമാറാകട്ടെ. ദീനീ സേവകരുടെ പരമ്പര ഇതിൽനിന്നും ഉണ്ടാകുമാറാകട്ടെ. പരേത എന്റെ ബന്ധുവായിരുന്നു. അതുകൊണ്ടുതന്നെ ഹദ്റത്ത് ലീഫത്തുൽമസീഹ് മൂന്നാമന്റെ ഈ വാക്കുകൾ തന്റെ ബന്ധം നിലനിറുത്തുന്നതിന്റെ കാര്യത്തിൽ പാലിക്കാൻ ലുബ്ന സാഹിബ ശ്രമിച്ചുവെന്ന് എനിക്കു പറയാൻ കഴിയും. തുടർന്ന് മൂന്നാം ഖലീഫ(റഹ്)പറയുന്നു: ഇന്ന് ഞാൻ വിളംബരം ചെയ്യുന്ന നിക്കാഹ് എന്റെ ഇളയ സഹോദരി അമത്തുൽ ഹക്കീം സാഹിബയുടേയും സയ്യിദ് ദാവൂദ് മുളഫ്ഫർ ശാഹ് സാഹിബിന്റേയും മകൻ സയ്യിദ് മൗലൂദ് അഹ്മദിന്റേതാണ്. വധു ഡോക്ടർ സയ്യിദ് ഗുലാം മുജ്തബ സാഹിബിന്റെ മകളാണ്. നുസ്റത്ത് ജഹാൻ പദ്ധതി വിളംബരം ചെയ്തപ്പോൾ ഡോക്ടർ വഖ്ഫെ സിന്ദഗിയായി തുടക്കത്തിൽ ആഫ്രിക്കയിലായിരുന്നു. ആദ്യകാല വാഖ്ഫീൻ ഡോക്ടർമാരിൽ ഒരാളായിരുന്നു അദ്ദേഹം. പശ്ചിമാഫ്രിക്കയിൽ വഖ്ഫു ഡോക്ടറായി സേവനമനുഷ്ഠിച്ചു. അല്ലാഹു അദ്ദേഹത്തിന്റെ ദുആകൾ കേട്ടു. അദ്ദേഹത്തിന്റെ കൈകളിൽ രോഗശമനവുംവെച്ചു. ഘാനയിൽ വളരെ വിജയിയായ സർജനായും പിന്നീട് നൈജീരിയായിലും അദ്ദേഹം സേവനങ്ങൾ ചെയ്തു. (ഖുത്ബാത്തെ നാസിർ വാള്യം 10, പേജ് 771-772, ഖുത്ബ നിക്കാഹ് 25-11-1977)

സയ്യിദ ലുബ്നാ സാഹിബയുടെ മകൻ സയ്യിദ് സുഊദ് അഹ്മദ് വാഖിഫെ സിന്ദഗിയാണ്. ഫള്ലെ ഉമർ ഹോസ്പിറ്റലിൽ അഡ്മിനിസ്ട്രേറ്ററാണിപ്പോൾ. അദ്ദേഹം തന്റെ മാതാവിനെക്കുറിച്ചെഴുതുന്നു: എന്റെ മാതാമഹൻ നുസ്റത്ത് ജഹാൻ സ്ക്കീമിന്റെ കീഴിൽ ഘാനയിലെ ഓസ്കോരേയിൽപോയപ്പോൾ മുഴുവൻ കുടുംബവുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് ലുബ്ന സാഹിബയും പോയിരുന്നു. ബാല്യമാണ്. വിവാഹത്തിനുമുമ്പേയുള്ള സംഭവമാണ്. അവർ പറയുന്നു:അപ്പോൾ അവിടെ സാധനങ്ങളൊന്നുമുണ്ടായിരുന്നില്ല. ഞാൻ തുണിക്കഷണങ്ങൾ മുറിച്ചു നല്കുമായിരുന്നു. ടോർച്ച് വെളിച്ചം നല്കിരുന്നു. ടോർച്ച് വെളിച്ചം നല്കി ഡോക്ടർ സാഹിബിനെ ഓപ്റേഷനിൽ സഹായിക്കുമായിരുന്നു. അദ്ദേഹം എഴുതുന്നു: അവർ വളരെ സ്നേഹനിധിയായിരുന്നു. സ്വന്തം പ്രയാസങ്ങൾ മറന്ന് മറ്റുള്ളവരെ സേവിക്കുമായിരുന്നു. തന്റെ ഭർത്തവിന്റേയും സ്വന്തം മാതാപിതാക്കളുടേയും ഭർത്താവിന്റെ മാതാപിതാക്കളുടേയും കാര്യങ്ങൾ വളരെ നല്ലനിലയിൽ നോക്കിയിരുന്നു. അതിനോടുള്ള കടമകൾ ശരിക്കും നിറവേറ്റിയിരുന്നു. 1986-ൽ ചവിട്ടുപടിയിൽനിന്ന് വീണു. പിന്നീട് നടുവേദനയായി. അതുകഴിഞ്ഞ് ക്യാൻസറും പിടിപെട്ടു. ശുഗറുമുണ്ടായിരുന്നു. എന്നാൽ, ഒരിക്കലും തന്റെപ്രയാസങ്ങളും ബുദ്ധിമുട്ടുകളും പ്രകടിപ്പിച്ചിരുന്നില്ല. വളരെ ക്ഷമയോടെ രോഗകാലം കഴിച്ചുകൂട്ടി. ആരോഗ്യവതിയെപ്പോലെ നടക്കുകയും കാര്യങ്ങളെല്ലാം നല്ലവണ്ണം നിറവേറ്റുകയും ചെയ്തു. തന്റെ മക്കൾക്കും പേരക്കുട്ടികൾക്കും എല്ലാവർക്കും ദുആകൾ പഠിപ്പിച്ചുകൊടുത്തിരുന്നു. പ്രത്യേകിച്ച് കൂടെ താമസിച്ചിരുന്ന മകന്റെ കുട്ടികളെ സശ്രദ്ധം പരിപാലിച്ചിരുന്നു. കാഴ്ച കുറഞ്ഞപ്പോൾ തിലാവത്തു ചെയ്യാൻ സാധിക്കാത്തതിനാൽ ഓൺലൈനിൽ തിലാവത്ത് കേൾക്കുമായിരുന്നു. യോഗങ്ങളിൽ സ്ഥിരമായി പങ്കെടുത്തിരുന്നു. ആരോ ഒരിക്കൽ അവരോടു പറഞ്ഞു: 'നിങ്ങൾക്ക് സുഖമില്ലാത്തതല്ലെ? യോഗങ്ങളിൽ എന്തിനാണ് പങ്കെടുക്കുന്നത്?' അപ്പോൾ അവർ പറഞ്ഞു:"യോഗങ്ങൾ നടക്കുമ്പോൾ ഞാൻ പങ്കെടുക്കാതിരിക്കുകയോ? ജമാഅത്തിന്റെ വ്യവസ്ഥിതിയെ ഞാൻ മുറുകെപിടിക്കേണ്ടതല്ലേ?" ജമാഅത്തിന്റെ കാര്യത്തിൽ കണിശത പാലിച്ചിരുന്നു. ഇവർ എന്റെ ഭാര്യയുടെ ജ്യേഷ്ഠന്റെ ഭാര്യയായിരുന്നു. അതുകൊണ്ട് ഞാനും കണ്ടിട്ടുണ്ട്. വളരെ ലാളിത്യമുള്ള എല്ലാവസ്ഥയിലും തൃപ്തയായിരിക്കുന്ന സ്വന്തം അഡ്ജസ്റ്റു ചെയ്യുന്ന സ്ത്രീയായിരുന്നു. ഭർതൃകുടുംബത്തോടും അവർ വളരെ നല്ലനിലയ്ക്കാണ് പെരുമാറിയിരുന്നത്. അല്ലാഹു അവർക്ക് മഗ്ഫിറത്ത് നല്കുമാറാകട്ടെ. ഒരു മകനും ഒരു മകളുമാണ് അവർക്കുള്ളത്. ഞാൻ പറഞ്ഞതുപോലെ മകൻ വഖ്ഫെ സിന്ദഗിയാണ്. അല്ലാഹു അവർക്കും മാതാപിതാക്കളുടെ കാൽപ്പാടുകൾ പിൻപറ്റി ജീവിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ ജർമനിയിലെ മുഹമ്മദു ശഫീഖ് സുബയ്ർ സാഹിബിന്റെ ഭാര്യ നാസ്മൂൻ ബീബി സുബയ്ർ സാഹിബയുടേതാണ്. ഇവർ മൊറീഷ്യസുകാരിയായിരുന്നു. ഇവരുടെ കുടുംബത്തിൽ ജമാഅത്തെത്തിയത് ഇവരുടെ പിതാമഹൻ മുഹമ്മദു ഹനീഫ് സദ്ദൂ സാഹിബുമുഖേനയാണ്. അവരുടെ സന്തപ്ത കുടുംബത്തിൽ ഒരു മകനും ഒരു മകളുമുണ്ട്. അവരുടെ മകൻ അത്ഹർ സുബയ്ർ സാഹിബ് ജർമനി ഹ്യൂമാനിറ്റി ഫസ്റ്റിന്റെ ചെയർമാനാണ്. അദ്ദേഹം എഴുതുന്നു: ഉമ്മ അചഞ്ചലമായ ദൈവ വിശ്വാസത്തിന്റേയും അഗാധമായ വിനയത്തിന്റേയും പ്രതീകമായിരുന്നു. ഒരു കാര്യം എനിക്ക് പൂർണ വിശ്വാസത്തോടെ പറയാൻ കഴിയും അവരെന്നെ പരിപാലിച്ചതും ഞങ്ങൾക്കു നില്കിയ അധ്യാപനങ്ങളും നോക്കുമ്പോൾ അവരുടേത് വളരെ സുദൃഢമായ വിശ്വാസമായിരുന്നു. ഒരിക്കലും അവർ ഒരു തരത്തിലുള്ള പരാതിയോ പരിഭവമോ പ്രകടിപ്പിച്ചതായി കണ്ടിട്ടില്ല. രോഗം കഠിനതരമായപ്പോൾ അവരോടൊപ്പം പ്രത്യേകമായി നിൽക്കാനുള്ള അവസരം എനിക്കു ലഭിച്ചു. ബോധംവരുമ്പോഴൊക്കെ തന്റെ നമസ്കാരത്തെ കുറിച്ചായിരുന്നു അന്വേഷിച്ചിരുന്നത്. നമസ്കാരത്തിൽ വളരെ കൃത്യനിഷ്ഠ പാലിച്ചിരുന്നു. അങ്ങേയറ്റത്തെ ക്ഷമയും സഹനവുമായിരുന്നു. അല്ലാഹുവിന്റെ തീരുമാനങ്ങളിൽ തൃപ്തയായിരുന്നു. അവർ വലിയ പരോപകാരിയായിരുന്നു. മറ്റുള്ളവരുടെ രഹസ്യം സൂക്ഷിക്കുമായിരുന്നു. ഏതോ ഭാര്യാഭർത്താക്കന്മാർ തമ്മിൽ പ്രശ്നമുണ്ടായി. ഭാര്യ എന്നോടു ചോദിച്ചു, തന്നെ കുറിച്ച് ഭർത്താവെന്താണ് പറഞ്ഞതെന്ന്. അപ്പോൾ അവർ പറഞ്ഞു: എന്നോടുള്ള വിശ്വാസം കാരണമാണ് അദ്ദേഹം കാര്യങ്ങൾ പറഞ്ഞത്. എനിക്കത് നിങ്ങളോടു പറയാനാകില്ല. അദ്ദേഹം സ്വയം വേണമെങ്കിൽ പറഞ്ഞു തരട്ടെ. എന്നാൽ, പരസ്പര ധാരണയും രഞ്ജിപ്പുമുണ്ടാക്കാൻ നിങ്ങൾ ശ്രമിക്കുക.

ഖിലാഫത്തിനോടു ഗാഢമായ ബന്ധമായിരുന്നു. ഖുത്ബകൾ വളരെ ശ്രദ്ധാപൂർവം കേൾക്കുമായിരുന്നു. അവരുടെ ഒരു പേരക്കുട്ടി എഴുതിയിരിക്കുന്നത് രണ്ടോ മൂന്നോ തവണ ഖുത്ബകൾ കേൾക്കുമായിരുന്നുവെന്നാണ്. അവർ പറയുമായിരുന്നു, ആദ്യം പൂർണമായും മനസ്സിലാകുകയില്ല. നല്ലവണ്ണം കേട്ടില്ലെങ്കിൽപ്പിന്നെ ഒരു പ്രയോജനവുമില്ല.

അല്ലാഹുവുമായി നല്ല ബന്ധമായിരുന്നു. സ്വപ്നദർശനങ്ങൾ ഉണ്ടാകുമായിരുന്നു. അതുപോലെതന്നെ അവ പുലരുകയും ചെയ്യുമായിരുന്നു. സുബയ്ർ സാഹിബെഴുതുന്നു: അവസാനം രോഗശയ്യയിലായിരുന്നപ്പോൾ അവർ ചോദിച്ചു: എനിക്ക് ക്യാൻസറാണോ? സി.റ്റി.സ്കാൻ ചെ

• ഹദീഥുന്നബ്‌വി ﷺ •

"ലാ യഹില്ലു ലുമുഅ്മിനി അൻയ്യഹ്ജുറ അഖാഉ ഫൗഖ ഥലാഥത്തി അയ്യാമിൻ."

ഒരു വിശ്വാസി തന്റെ സഹോദരനോടു മൂന്നുദിവസത്തിലധികം ബന്ധം വിച്ഛേദിക്കുന്നത് അനുവദനീയമല്ല

ത്വാലിബെ ദുആ

E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

• ഹദീഥുന്നബ്‌വി ﷺ •

"സയ്യിദുൽഖൗമി ഖാദിമുഹും."

സമുദായത്തിന്റെ നേതാവ് അവരുടെ സേവകനാണ്.

ത്വാലിബെ ദുആ

P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

യ്തപ്പോൾ ശരിക്കും മൂത്രസഞ്ചിയിൽ ക്യാൻസറായിരുന്നു. അവരോടു ചോദിച്ചു: നിങ്ങൾക്കെങ്ങനെയാണ് ഇക്കാര്യം മനസ്സിലായത്? അവർ പറഞ്ഞു, അല്ലാഹു എനിക്കു പറഞ്ഞുതന്നതാണ്. വഫാത്തായൊരു അവരുടെ സ്നേഹിത സ്വപ്നത്തിൽ വന്നു പറഞ്ഞു: നിങ്ങൾ ഭയപ്പെട്ടാലോ എന്നു കരുതി ചിലപ്പോൾ നിങ്ങളുടെ മകൻ നിങ്ങളോടു പറയില്ല. നിങ്ങൾക്ക് ക്യാൻസറാണ്. അങ്ങനെ ആ രോഗത്തെ കുറിച്ചും അല്ലാഹു അവരെ മുമ്പേ അറിയിച്ചു. അവരുടെ മരുമകൾ ജർമൻ കാരിയാണ്. അവരോടും നല്ല ബന്ധമായിരുന്നു. നല്ലശിക്ഷണം നല്കി. ജർമൻ കാരിയായിട്ടും അവർ പരസ്പരം എല്ലാ കാര്യങ്ങളും കൂടിയാലോചിക്കുകയും എല്ലാ ത്യാഗങ്ങളും വരിക്കുകയും ചെയ്തു. അവരുടെ മരുമകൾ സൂസൻ സുബയ്ർ പറയുന്നു: കാരുണ്യവും വാത്സല്യവും കാണിക്കുന്ന കാര്യത്തിൽ അവർ ഒരു മാതൃകയായ ഭർതൃമാതാവായിരുന്നു. ഉള്ളതിലെപ്പോഴും നന്ദി പ്രകടിപ്പിക്കുമായിരുന്നു. മരുമക്കളോടു സ്വന്തം മക്കളോടുള്ള പെരുമാറ്റമായിരുന്നു. പറയുന്നു: വളരെ സ്നേഹത്തോടെ ഞങ്ങളുടെ സംസ്കരണം നടത്തുകയും സദാ ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്തിരുന്നു. രണ്ടാമത്തെ മരുമകൾ മാരിയ സുബയ്ർ സാഹിബ പറയുന്നു: വിവാഹം കഴിഞ്ഞപ്പോൾ എനിക്കു ഭക്ഷണം പാകം ചെയ്യാനും അതിഥി സൽക്കാരം നടത്താനും പഠിപ്പിച്ചുതന്നു. ഒരുതരത്തിലും സമ്മർദം ചെലുത്താതെയും വിമർശിക്കാതെയും എന്നെ അതെല്ലാം പഠിപ്പിച്ചു. എന്റെ പഠനസമയത്ത് അവരെന്നെ ഒരുപാട് സഹായിച്ചു. വിവാഹം ശേഷം ഇവർ മെഡിസിൻ പഠിച്ചിരുന്നു. പറയുന്നു ജമാഅത്തു കാര്യങ്ങളിലും എന്നെ എപ്പോഴും സഹായിച്ചിരുന്നു. എപ്പോഴും ധൈര്യം പകരുമായിരുന്നു. എന്റെ മക്കളേയും നല്ലവണ്ണം നോക്കിയിരുന്നു. അല്ലാഹു അവരോടു മഗ്ഫിറത്തോടും കാരുണ്യത്തോടും പെരുമാറട്ടെ. അവരുടെ മക്കളെ അവരുടെ ദുആകൾക്ക് അനന്താരാവകാശികളാക്കുമാറാകട്ടെ.

പേജ് 1 ൽ നിന്ന്

യും നിർവ്വഹിച്ചുവെന്ന് നാം സത്യമായും സാക്ഷ്യം നല്കുകയാണ്. ആദ്യത്തെ പിലാത്തോസിന് ഒരു റോമക്കാരനായിരുന്നിട്ടും ഈ കർത്തവ്യം നല്ലനിലയിൽ നിർവഹിക്കാൻ കഴിഞ്ഞില്ല. അയാളുടെ ഭീരുത്വം മസീഹിനെ വലിയ വലിയ വിഷമങ്ങൾക്കു കുറിമാനമാക്കി. ഈ വ്യത്യാസം ഈ ലോകം നിലനില്ക്കുന്നിടത്തോളം നമ്മുടെ ജമാഅത്തിൽ സംസാരവിഷയമായിരിക്കും. നമ്മുടെ ജമാഅത്ത് ലക്ഷങ്ങളായും കോടികളായും അംഗസംഖ്യ വർദ്ധിക്കുന്നതനുസരിച്ച് ഈ ശുദ്ധഹൃദയനായ ന്യായപാലകനെ സ്തുതിച്ചുകൊണ്ടുള്ള ചർച്ച ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. ഈ കാര്യത്തിനായി അല്ലാഹു അദ്ദേഹത്തെ തിരഞ്ഞെടുത്തത് അദ്ദേഹത്തിന് ലഭിച്ച സൗഭാഗ്യമാണ്. ഒരു ന്യായാധിപനെ സംബന്ധിച്ചിടത്തോളം ഇക്കാര്യം എത്രമാത്രം പരീക്ഷണഘട്ടമാണ്. രണ്ടു കക്ഷികൾ അദ്ദേഹത്തിന്റെ മതത്തിന്റെ എതിരാളിയാണ്. അദ്ദേഹം വിശ്വസിക്കുന്ന മതത്തിന്റെ കഠിനവിരോധിയാണ് അയാളെന്ന്, അദ്ദേഹത്തിന്റെ മുമ്പാകെ ബോധിപ്പിക്കുകയും ചെയ്തു. പക്ഷേ, ധൈര്യശാലിയായ ഈ പിലാത്തോസ് ഈ പരീക്ഷണത്തെ വലിയ സ്ഥൈര്യത്തോടെ നേരിട്ടു. തങ്ങളുടെ അല്പജ്ഞാനംകൊണ്ട്, ക്രിസ്തുമതത്തെക്കുറിച്ച് കഠിനമായ വാക്കുകൾ ഈ കക്ഷി ഉപയോഗിക്കുന്നതായി എഴുതിയിരുന്ന ഗ്രന്ഥങ്ങളുടെ ചില ഭാഗങ്ങൾ കാണിച്ചുകൊടുക്കുകയും ഒരു എതിർപ്രസ്ഥാനം ഉണ്ടാക്കിയെന്നു വാദിക്കുകയും ചെയ്തിട്ടും അദ്ദേഹത്തിന്റെ മുഖത്ത് ഒരു മാറ്റവുമുണ്ടായിരുന്നില്ല. കാരണം അദ്ദേഹം തന്റെ തെളിമയാർന്ന മനഃസാക്ഷിനിമിത്തം യാഥാർഥ്യമെന്തെന്ന് മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. അദ്ദേഹം കേസിന്റെ നിജസ്ഥിതി സത്യഹൃദയത്തോടെ അന്വേഷിച്ചറിഞ്ഞിരുന്നു. അതുകൊണ്ട് അല്ലാഹു അദ്ദേഹത്തെ സഹായിക്കുകയും അദ്ദേഹത്തിന്റെ ഹൃദയത്തിൽ യാഥാർഥ്യം തുറക്കപ്പെടുകയും ചെയ്തു. നീതിന്യായത്തിന്റെ വഴി അദ്ദേഹത്തിന് കാണുവാൻ സാധിച്ചതിൽ അദ്ദേഹം വളരെ സന്തോഷിച്ചു. നീതിയുടെ അടിസ്ഥാനത്തിലാണ് അന്യായക്കാരന്നെതിരിൽ അദ്ദേഹം എനിക്ക് കസേര തന്നത്. എന്നാൽ, യേശുവിന്നെതിരെ സാക്ഷി പറയുവാൻവന്ന മഹാപുരോഹിതനെപോലെ എനിക്കെതിരെ സാക്ഷി പറയുവാൻ വന്ന മൗലവി മുഹമ്മദ് ഹുസയ്ൻ, ഞാൻ കസേരയിൽ ഇരിക്കുന്നതുകണ്ടപ്പോൾ, എന്നെ ഏതൊരു നിന്ദാദൃഷ്ടിയോടെ കാണാനാണോ അയാളുടെ കണ്ണുകൾ കൊതിച്ചിരുന്നത്, അത് കാണാൻ കഴിയാതെ വന്നപ്പോൾ സമഭാവന ധന്യമായിക്കരുതി അയാളും ആ പിലാത്തോസിനോട് കസേര വേണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ, ഈ പിലാത്തോസ് അയാളെ ശാസിച്ചു. ഉറക്കെ പറഞ്ഞു: താങ്കൾക്കും താങ്കളുടെ പിതാവിനും ഒരിക്കലും കസേര ലഭിച്ചിട്ടില്ല. താങ്കൾക്ക് കസേര നല്കണമെന്ന ഒരു നിർദ്ദേശവും ഞങ്ങളുടെ ഓഫീസിൽ കിട്ടിയിട്ടുമില്ല. ഈ വ്യത്യാസം ഇവിടെ ശ്രദ്ധേയമാണ്. അതായത് യേശുവിന്റെ കാലത്തെ പിലാത്തോസ് യഹൂദികളെ ഭയന്ന് അവരുടെ ചില മാന്യന്മാരായ വ്യക്തികൾക്കു കസേര കൊടുക്കുകയും കുറ്റവാളിയെന്ന നിലയിൽ ഹാജരാക്കപ്പെട്ട ഹദ്റത്ത് മസീഹിനെ നിറുത്തുകയും ചെയ്തു. വാസ്തവത്തിൽ, അദ്ദേഹം സത്യഹൃദയത്തോടുകൂടി മസീഹിന്റെ അഭ്യുദയകാംക്ഷിയായിരുന്നു. മാത്രമല്ല അദ്ദേഹം ശിഷ്യന്മാരെപ്പോലെയായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ മസീഹിന്റെ പ്രത്യേക ശിഷ്യയായിരുന്നു. അവർ വലിയുല്ലാഹ് എന്നു പറയപ്പെട്ടിരുന്നു. എന്നാൽ, ഭയം, പാപരഹിതനായ മസീഹിനെ അന്യായമായി യഹൂദികൾക്ക് വിട്ടുകൊടുക്കത്തക്കവണ്ണം അദ്ദേഹത്തെക്കൊണ്ട് പ്രവർത്തിപ്പിച്ചു. എനിക്കെതിരെ ഉന്നയിക്കപ്പെട്ടതുപോലെ അദ്ദേഹത്തിന്റെമേൽ കൊലക്കുറ്റാരോപണമുണ്ടായിരുന്നില്ല. സാധാരണരീതിയിലുള്ള മതപരമായ ഭിന്നതയായിരുന്നില്ല. സാധാരണരീതിയിലുള്ള മതപരമായ ഭിന്നതയായിരുന്നു. പക്ഷേ, റോമക്കാരനായ പിലാത്തോസ് ദുർബ്ബലഹൃദയനായിരുന്നു. അദ്ദേഹത്തിന്നെതിരിൽ കൈസറിനു പരാതി കൊടുക്കുമെന്ന് കേട്ടപ്പോൾ ഭയന്നുപോയി. പിന്നെ രണ്ട് പിലാത്തോസ് മാർക്കുമിടയിലുള്ള മറ്റൊരു വ്യത്യാസം ഓർമ്മിക്കാനുള്ളത് മസീഹുബ്നുമർയം കോടതിയിൽ ഹാജരാക്കപ്പെട്ടപ്പോൾ പിലാത്തോസ്, യഹൂദികളോടു താൻ ഇദ്ദേഹത്തിൽ ഒരു പാപവും കാണുന്നില്ലെന്നു പറഞ്ഞിരുന്നു. അതേപ്രകാരം രണ്ടാമത്തെ മസീഹ് ഈ രണ്ടാമത്തെ പിലാത്തോസിന്റെ മുമ്പിൽ ഹാജരാക്കപ്പെട്ടപ്പോൾ തന്റെമേൽ കൊലക്കുറ്റമാണ് ചുമത്തപ്പെട്ടിരിക്കുന്നതെന്നും അതിനാൽ മറുപടിക്കായി കുറച്ചുദിവസം അവധി തരണമെന്നും ബോധിപ്പിച്ചു. അപ്പോൾ ഈ രണ്ടാമത്തെ പിലാത്തോസ് പറഞ്ഞത്, ഞാൻ താങ്കളുടെമേൽ ഒരു കുറ്റാരോപണവും നടത്തുന്നില്ലെന്നാണ്. ഈ രണ്ടു പിലാത്തോസുമാരുടെ പ്രസ്തുത രണ്ടു വാക്കുകളും പരസ്പരം സാദൃശ്യമുള്ളവയാണ്. എന്നാൽ, ഈ രണ്ട് പേർക്കുമിടയിലുള്ള വ്യത്യാസം ആദ്യത്തെ പിലാത്തോസ് തന്റെ വാക്കിൽ ഉറച്ചുനിന്നില്ലെന്നതാണ്. തനിക്കെതിരെ കൈസറിന് പരാതി കൊടുക്കുമെന്ന് കേട്ടപ്പോൾ ആദ്യത്തെ പിലാത്തോസ് ഭയക്കുകയും ഹദ്റത്ത് മസീഹിനെ അന്യായമായി രക്തദാഹികളായ യഹൂദികൾക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്തു. ഇങ്ങനെ ഏല്പിച്ചുകൊടുത്തതിൽ അദ്ദേഹം ദുഃഖിതനായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയും ദുഃഖിതയായിരുന്നു. കാരണം അവർ രണ്ടുപേരും യേശുവിനെ അങ്ങേയറ്റം വിശ്വസിച്ചിരുന്നവരാണ്. പക്ഷേ, യഹൂദികളുടെ കഠിനമായ ഒച്ചപ്പാടുകൾകണ്ട് ഭീരുത്വം അദ്ദേഹത്തെ ജയിച്ചടക്കി.


• ഹദീഥുന്നബ്‌വി ﷺ •



മരിച്ചവരെ ചീത്ത പറയരുത്,
എന്തുകൊണ്ടെന്നാൽ അവർ മുമ്പേ
അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.
(ബുഖാരി 23:77)

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്‌വി ﷺ •

"ഇന്നമൽഅഅ്മാലു ബിന്നിയ്യാത്തി."
കർമങ്ങൾ ഉദ്ദേശ്യത്തിലധിഷ്ഠിതമാകുന്നു.

ത്വാലിബെ ദുആ
**Late DILSAD ABDULLATHEEF AND FAMILY KALLIKOTE**
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്‌വി ﷺ •

"ലാ യശ്ക്കുറല്ലാഹ് മൻല്ലാ യശ്ക്കുറുന്നാസ."
ജനങ്ങളോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുകയില്ല.




ത്വാലിബെ ദുആ
**DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD**
VAYANASHALA, PATHAPPIRIYAM, KERALA

എന്നാൽ, മസീഹിന്റെ ജീവനെ കുരിശിൽനിന്ന് രക്ഷപ്പെടുത്തുന്നതിനായി അദ്ദേഹം പരസ്യമായ രീതിയിൽ ഒരുപാട് പരിശ്രമിച്ചു. ഈ പരിശ്രമത്തിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു. എന്നിരുന്നാലും മസീഹ് കുരിശിൽ കയറ്റപ്പെട്ടതിനുശേഷം കഠിനമായ വേദനകൊണ്ട് മരിച്ചതുപോലെതന്നെ അബോധാവസ്ഥയിലായി.

എന്തായാലും റോമക്കാരനായ പിലാത്തോസിന്റെ ശ്രമംകൊണ്ട് മർയമിന്റെ പുത്രൻ മസീഹിന്റെ ജീവൻ രക്ഷപ്പെട്ടു. ജീവൻ രക്ഷിക്കണമെന്ന മുമ്പേയുള്ള അദ്ദേഹത്തിന്റെ പ്രാർത്ഥന സ്വീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. നോക്കുക എബ്രായേർ 5:7.*(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാല്യം 19, പേജ് 55 - 57)*

** മസീഹ് പ്രവചനമെന്ന നിലയിൽ സ്വയമേവ പറഞ്ഞു: യൂനുസിന്റെ അടയാളമല്ലാതെ മറ്റൊരു അടയാളവും കാണിക്കപ്പെടുകയില്ല. മസീഹ് ഈ വാക്യംകൊണ്ട് സൂചിപ്പിച്ചത് എപ്രകാരം യൂനുസ് മത്സ്യത്തിന്റെ വയറ്റിൽ ജീവനോടെ പ്രവേശിക്കുകയും ജീവനോടെതന്നെ പുറത്തുവരികയും ചെയ്തുവോ അപ്രകാരം താനും ജീവനോടെ ഖബ്റിൽ പ്രവേശിക്കുകയും ജീവനോടെ പുറത്തുവരികയും ചെയ്യുമെന്നാണ്. അതുകൊണ്ട് ഈ അടയാളം മസീഹ് ജീവനോടെ കുരിശിൽ നിന്നിറക്കപ്പെടുകയും ജീവനോടെ ഖബ്റിൽ പ്രവേശിക്കപ്പെടുകയും ചെയ്യാതെ എങ്ങനെ പുലരാനാണ്. മറ്റൊരു അടയാളവും കണിക്കപ്പെടുകയില്ലെന്ന് മസീഹ് പറഞ്ഞത് ഈ വാക്യത്തിൽ മസീഹ് ആകാശത്ത് കയറിപ്പോയി അടയാളം കാണിച്ചുവെന്ന് അവർ പറഞ്ഞത് നിഷേധിക്കുകയാണ്.*

പേജ് 12 ൽ നിന്ന്

ഓരോ വർഷവും അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നു. ഇസ്‌ലാമിന്റെ പേരും വരുംകാലങ്ങളിൽ സൂര്യനെപ്പോലെ പ്രകാശിക്കുന്നത് കാണപ്പെടും.

ഒരു വാഖിഫെനൗ ഖാദിം: പഠനം പൂർത്തിയാക്കിയതിനുശേഷം സ്വന്തം തൊഴിൽ തുടരാനാണ് ആഗ്രഹിക്കുന്നത്.

ഹുദൂർ അൻവർ: ഇതു സംബന്ധമായി കേന്ദ്രത്തിനെഴുതുക. അനുവാദം നല്കണോ എന്ന് തുടർന്ന് ഖലീഫത്തുൽ മസീഹ് തീരുമാനിക്കുന്നതാണ്.

ഒരു ഖാദിം: നമ്മുടെ ഈ ഭൂമിയല്ലാതെ മറ്റു ഗോളങ്ങളിലും ജീവന്റെ അസ്തിത്വമുണ്ട്. അപ്പോൾ നബിﷺ തിരുമേനി റഹ്മത്തുല്ലിൽ ആലമീൻ (സർവ്വ ലോകത്തിനും കാരുണ്യമാണ്) എന്നതനുസരിച്ച് സർവ്വ ലോകത്തിനും എങ്ങനെ കാരുണ്യമാകും.

ഹുദൂർ അൻവർ: മുമ്പേവന്ന ദൂതന്മാർക്കുവേണ്ടിയും ആലമീൻ എന്ന പദം ഉപയോഗിച്ചിരുന്നു. അല്ലാഹു ചില ദൂതന്മാരെ പരാമർശിച്ചു കൊണ്ട് പറയുന്നു:വ കുല്ലൻ ഫള്ളൽനാ അലൽ ആലമീൻ. നാം അവർക്കെല്ലാം സർവ്വ ലോകർക്കുംമേൽ ശ്രേഷ്ഠത നല്കിയിരിക്കുന്നു.

ആലമീൻ എന്നതിന്റെ ഒരുദ്ദേശ്യം അറിയപ്പെട്ട പ്രപഞ്ചം എന്നുമുണ്ട്. അതായത് മനുഷ്യൻ എത്തിപ്പെടുന്ന ലോകം. ഏതറ്റംവരെയാണോ അവനെത്തുന്നത് ആ ലോകത്തിനെല്ലാം ആ മഹാത്മാവ് റഹ്മത്തുൻല്ലിൽ ആലമീനാണ്. ശേഷിക്കുന്നത് ബാക്കിയുള്ള പ്രപഞ്ചമാണ്. അവിടംവരെ സന്ദേശമെ ത്തിക്കുന്നതിനുവേണ്ടി എന്തെല്ലാം മാർഗമാണ് അല്ലാഹു വെച്ചിട്ടുള്ളതെന്ന് അവന്ന് മാത്രമേ അറിയുകയുള്ളൂ.

ഒരു യുവ ഖാദിം: വരുമാനമില്ലാത്തവർക്ക് വസ്വിയ്യത്ത് ചെയ്യാമോ?

ഹുദൂർ അൻവർ: നിങ്ങൾക്ക് പോക്കറ്റ് ചെലവിന് പൈസ കിട്ടുന്നുണ്ടെങ്കിൽ അതനുസരിച്ച് വസ്വിയ്യത്ത് ചെയ്തുകൊള്ളുക. ഒന്നും കിട്ടുന്നില്ല. ജോലിമുഖേന സമ്പാദ്യവുമില്ലെങ്കിൽപ്പിന്നെ വെയ്റ്റു ചെയ്യുക.

ഒരു ഖാദിമിന്റെ ചോദ്യത്തോടു പ്രതികരിച്ചുകൊണ്ട് ഹുദൂർ പറഞ്ഞു:മുന്ന് ശഹാദത്തുകൾപോലും മുമ്പേ ആർക്കും അറിയില്ലായിരുന്നു. ഇപ്പോൾ പാക്കിസ്താനിലെപോലെ ഇന്തൊനേഷ്യയിലും തീവ്രവാദികളുണ്ടെന്ന് ലോകം അറിയുന്നു. മനുഷ്യാവകാശങ്ങളെ ഹനിക്കുന്ന രാജ്യങ്ങളിൽ ഇന്തൊനേഷ്യയുടെ പേരും ഇപ്പോൾ വ്യാപകമായി എൻ ജീ ഓകൾ ചേർത്തിട്ടുണ്ട്. ഇന്തൊനേഷ്യയുടെ മോശമായ ഈ ചിത്രം അവിടുത്തെ മുല്ലാക്കൾ കാരണത്താലാണുണ്ടായിട്ടുള്ളത്.

ഇപ്പോൾ സാഹചര്യം കുറച്ച് അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും മസ്ജിദുകൾ ആക്രമിക്കപ്പെടുന്നുണ്ട്. മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുന്നുണ്ടോ എന്ന് ലോകം ഇന്തൊനേഷ്യയെ കുറിച്ച് നിരീക്ഷിച്ചു വരികയാണ്.

സ്വന്തം രാജ്യത്തോടു സ്നേഹമുണ്ടെങ്കിൽ, മുഴുവൻ ലോകത്തും രാജ്യത്തിനാകമാനവും അപമാനമുണ്ടാകുന്ന മാതൃക കാണിക്കരുതെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ നിങ്ങൾ നിങ്ങളുടെ രാജ്യത്തിനുവേണ്ടി ദുആ ചെയ്യുക.

ഒരു വാഖിഫെനൗ ഖാദിം: മുബല്ലിഗുമാർ വിജയിച്ചതായി ഒരു എം ടീ എ പ്രോഗ്രാമിൽ ഞാൻ കണ്ടിരുന്നു.

ഹുദൂർ അൻവർ: നിങ്ങളും ദുആ ചെയ്യുക. കഠിനാധ്വാനം ചെയ്യുക. നിങ്ങൾക്കും വിജയിക്കാനാകും. മുബല്ലിഗാകുന്നതിന് ആഗ്രഹമുണ്ടെങ്കിൽ ജാമിആയിൽ പോവുക.

ഒരു വാഖിഫെനൗ ഖാദിം:നമുക്ക് രാഷ്ട്രീയ മേഖലകളിൽ പ്രവർത്തിക്കാമോ?

ഹുദൂർ അൻവർ: ഒരു പൗരൻ എന്ന നിലയിൽ പ്രവർത്തിക്കാവുന്നതാണ്. എന്നാൽ, വാഖിഫെനൗ എന്ന നിലയിൽ ആദ്യം ജമാഅത്തിന് സേവനം ചെയ്യേണ്ടതാണ്. അഹ്മദി എന്ന നിലയിൽ രാഷ്ട്രീയത്തിൽ സ്വന്തം പങ്കു നിർവഹിക്കാൻ സാധിക്കും. എന്നാൽ, വാഖിഫീനെനൗ ജമാഅത്തിന്റെ സേവനത്തിനുവേണ്ടി മുന്നോട്ടു വരേണ്ടതാണ്.

ഒരു ഖാദിം: ഇന്തൊനേഷ്യയിൽ ചില ഗ്രൂപ്പുകളും ചില പ്രദേശങ്ങളും സ്വാതന്ത്ര്യം നേടുന്നതിലേക്ക് തിരിയുന്നു. സമാധാനമില്ലാതാക്കുന്ന അവസ്ഥ ഉണ്ടാകുമോ എന്ന ഭയമുണ്ട്. ഹുദൂർ അൻവർ: ഇതാണ് പ്രശ്നമെങ്കിൽ അതിന് നിയമപരമായ മാർഗമുണ്ട്. സ്വന്തം ശബ്ദം ഉയർത്തുന്നതിന് രാഷ്ട്രീയ മാർഗമുണ്ട്. ഇന്തൊനേഷ്യ സ്വയം സ്വാതന്ത്ര്യം നേടിയപ്പോൾ യുദ്ധം ചെയ്തിരുന്നില്ല., പ്രത്യുത അവർ അവരുടെ ശബ്ദം ഉയർത്തിയിരുന്നു. ഒരുവിധ യുദ്ധവും നടന്നില്ല. ഇതേ പോലെതന്നെ പാക്കിസ്താന്റേയും ഇന്ത്യയുടേയും സ്വാതന്ത്ര്യത്തിനുവേണ്ടിയും ഒരു യുദ്ധവും നടന്നിട്ടില്ല.

ഒരു ഖാദിമിന്റെ ചോദ്യത്തോടു ഹുദൂർ ഇങ്ങനെ പ്രതികരിച്ചു:'ജമാഅത്ത് എന്ന നിലയിൽ നമ്മൾ നിയമത്തെ കണിശമായും പാലിക്കുന്നു. നമ്മൾ നമ്മുടെ രാജ്യത്തോടു കൂറുള്ളവരാണ്. ഹുബ്ബുൽ വത്വ്നി മിനൽ ഈമാൻ രാജ്യത്തടുള്ള സ്നേഹം വിശ്വാസത്തിന്റെ ഭാഗമാണ്. നമ്മൾ ഒരു സ്വാതന്ത്ര്യവും ആവശ്യപ്പെടുന്നില്ല. അഹ്മദി എന്ന നിലയിൽ നമുക്ക് ഒരു യുദ്ധവും ചെയ്യാൻ സാധിക്കുകയില്ല. കാരണം നമ്മൾ നിയമം കൈയിലെടുക്കുന്നവരല്ല. കലിമ ചൊല്ലുന്നതും നമസ്കാരം നിർവഹിക്കുന്നതും സലാം പറയുന്നതും ഇപ്പോൾ പാക്കിസ്താനിൽ നമ്മെ തടയുകയാണ്. എന്നാൽ, നമ്മൾ കലിമ ചൊല്ലുകയും നമസ്കരിക്കുകയും ചെയ്യുന്നു. സലാം പറയുന്നു, വിശുദ്ധ ഖുർആൻ ഓതുന്നു, ഇസ്‌ലാമികാധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നു. ദീനീപരമായ കൽപ്പനകളനുസരിച്ച് പ്രവർത്തിക്കുന്നു. ഇതു സമബന്ധമായി രാജ്യത്തിന്റെ നിയമത്തെ പിന്തുടരുകയില്ല. എന്നാൽ, മറ്റു നിയമങ്ങളെല്ലാം നമ്മൾ പാലിക്കുന്നതായിരിക്കും. പിന്തുടരുകയും ചെയ്യും. ഇതേകാരണംകൊണ്ടുതന്നെ അഹ്മദികളെ ദ്രോഹിക്കുകയും ശഹീദാക്കുകയും ചെയ്യുന്നവർക്കെതിരിലും അതിക്രമം കാണിക്കുന്നവർക്കെതിരിലും ആയുധം കൈയിലെടുക്കുന്നില്ല. ഇന്തൊനേഷ്യയിലും നമ്മൾ അത്തരം നീക്കം നടത്തുന്നില്ല. എതിരാളികളുടെ അക്രമങ്ങൾക്ക് മറുപടി നല്കുന്നില്ല. ഒരു പ്രതികരണവും നടത്തുന്നില്ല. കാരണം നമ്മൾ രാജ്യത്തിന്റെ നിയമത്തെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. നിയമത്തിന്റെ സഹായത്തിന് അപേക്ഷിക്കുന്നു.

വാഖിഫീനെനൗ ഖുദ്ദാമുമായി നടന്ന ഹുദൂറിന്റെ ഈ ക്ലാസ് 07.00 മണിവരെ നീണ്ടുനിന്നു.

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...
The Weekly BADR Qadian
(Malayalam)

ഹദീഥുന്നബവി ﷺ
"ലയ്സൽ ഖബ്റു കൽമുആയനത്തി."
കേട്ടറിവ് കറിവുപോലെയല്ല.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീഥുന്നബവി ﷺ
"ത്വലബൽ ഹലാലി ജിഹാദുൻ."
അനുവദനീയമായ ഉപജീവനം നേടുന്നതും ജിഹാദാണ്.
tectona

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail :badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 07 August 2025 Issue-32

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

ANNUAL SUBSCRIPTION : Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസിന്റെ സിംഗപ്പൂർ പര്യടനം

വിവർത്തനം:അമീൻ മുഹമ്മദു മാത്ര

**2013 സെപ്റ്റംബർ 27**
**വെള്ളിയാഴ്ച**
**ബദ്ർ വാല്യം 10 ലക്കം 30 പേജ് 11**
**കോളം 4 തുടർച്ച.....**

## വാഖ്ഫീനെനൗ

## അത്ഫ്ഹാൽ – ഖുദ്ദാം ക്ലാസ്സ്

വാഖിഫീനെനൗ അത്ഫ്ഹാൽ - ഖുദ്ദാം വിഭാഗത്തിന്റെ ഹുദൂറുമായുള്ള മീറ്റിംഗിൽ ഇന്തൊനേഷ്യ, മലേഷ്യ, സിംഗപ്പൂർ മജ്‌ലിസുകളിൽനിന്ന് 71 അംഗങ്ങൾ പങ്കെടുത്തു. പ്രോഗ്രാം ഇന്തൊനേഷ്യയിലെ അസീസം ചൗദരി മുബാറക്ക് അഹ്മദിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. അസീസം മുദ്ഥിർ അഹ്മദ് സിംഗപ്പൂർ ഇംഗ്ലീഷ് തർജമ സമർപ്പിച്ചു. ഹദ്റത്ത് വാഗ്ദത്ത മസീഹ് ﷺ രചിച്ച 'ഹം ദോ ഥനാ ഉസീ കൊ ജോ ദാത്ത് ജാവെദാനി' എന്ന പദ്യത്തിൽനിന്നുമുള്ള ഏതാനും വരികൾ അസീസം ഫുവാദ് അഹ്മദ് നാസ്വിർ മലേഷ്യ ആലപിച്ചു. അസീസം അബ്ദുസ്സലാം നാസ്വിർ മലേഷ്യ മണ്ടാരിൻ ഭാഷയിൽ പ്രസംഗിച്ചു. മലേഷ്യൻ സ്വാതന്ത്ര്യദിനം എന്നതായിരുന്നു അദ്ദേഹത്തിന്റെ വിഷയം. അതിന്റെ ഇംഗ്ലീഷ് തർജമയും അവതരിപ്പിച്ചു.

ഹുദൂർ വാഖിഫീനെനൗ ഖുദ്ദാമിനോടു: വാഖിഫെനൗ എന്നു പറഞ്ഞാലെന്താണ്?ഇത് ടൈറ്റിലാണോ? കരാറാണോ?

ഒരു ഖാദിം: ഇതു കരാറാണ്.

ഹുദൂർ അൻവർ: ഈ കരാർ ആദ്യം നിങ്ങളുടെ മാതാപിതാക്കൾ ചെയ്തിരുന്നു. ഇപ്പോൾ നിങ്ങൾ യൂണിവേഴ്സിറ്റിയിലാണ്. ഈ കരാറിനെ, ഈ വാഗ്ദാനത്തെ മുന്നോട്ട് കൊണ്ടുപോകാൻ നിങ്ങളാഗ്രഹിക്കുന്നു.

ഖാദിം: മുന്നോട്ടു കൊണ്ടുപോകാനാഗ്രഹിക്കുന്നു.

ഇന്തൊനേഷ്യയുടെ വഖിഫെനൗ സെക്രട്ടറിയോട് ഹുദൂർ അൻവർ: 15 വയസ്സിന് മുകളിലെത്തിയ വഖിഫെനൗ കുട്ടികളിൽനിന്ന് വഖിഫെനൗ ഫോറം പൂരിപ്പിച്ചു വാങ്ങുക. നിലവിലെ വിദ്യാഭ്യാസ കോഴ്‌സ് പൂർത്തിയാക്കിയതിനുശേഷം ജമാഅത്തുപരമായ സേവനമാണോ അതല്ല ജോലിചെയ്യാനാണോ ആഗ്രഹിക്കുന്നതെന്ന് അവരോടു ചോദിക്കുക.

ഒരു ഖാദിം:ഞാൻ പെട്രോളിയം എഞ്ചിനീയറാണ്. ജമാഅത്തിന് സേവനം ചെയ്യാനാഗ്രഹിക്കുന്നു.

ഹുദൂർ അൻവർ: പെട്രോളിയം എൻജിനീയറാണെങ്കിൽ താങ്കളെ എവിടേക്കാണ് അയക്കേണ്ടത്?

വഖിഫെനൗ സെക്രട്ടറിയോടു ഹുദൂർ: വഖിഫെനൗ കുട്ടികൾ പഠനത്തിന് സ്വന്തം തിരഞ്ഞെടുക്കുന്ന ഫീൽഡിനെ കുറിച്ച് കമ്മിറ്റി അവർക്ക് കൃത്യമായ കൗൺസിലിംഗ് നല്കേണ്ടതാണ്. ഏതു ഫീൽഡിൽ പോകുന്നതാണ് ഉത്തമമെന്ന് പറയുക. പഠനം പൂർത്തിയാക്കിയതിന്നുശേഷം വഖിഫെനൗ കേന്ദ്ര സംവിധാനത്തോടു ഏതു വിഷയത്തിൽ അല്ലെങ്കിൽ ഏതു ഫീൽഡിൽ പഠനം പൂർത്തിയാക്കിയെന്ന് പറയുക. ഇനി എന്താണ് ചെയ്യേണ്ടതെന്ന് അന്വേഷിക്കുക. ജമാഅത്തിന് സേവനം ചെയ്യുകയാണോ അതല്ല കൂടുതൽ റിസർച്ച് ചെയ്യുകയാണോ മറ്റെന്തെങ്കിലും ജോലി ചെയ്യുകയാണോ എന്ന് അറിയിക്കുക. നിങ്ങൾ ഭാവിയിലെന്തു ചെയ്യണമെന്ന് ജമാഅത്ത് തീരുമാനിക്കും. നിങ്ങൾ സ്വയം തീരുമാനിക്കുകയില്ല. കാരണം നിങ്ങൾ ആത്മസമർപണം ചെയ്തവരാണ്.

ഇന്തൊനേഷ്യയിലെ ഒരു വാഖിഫെനൗ ഖാദിം:നിയമപഠനം പൂർത്തിയാക്കി. നിയമ പ്രശ്നങ്ങളിൽ ജമാഅത്തിനെ സഹായിക്കുന്ന സേവനം ചെയ്തു വരുന്നു. ജമാഅത്തിന്റെ ലോ കമ്മിറ്റിയിൽ അംഗമാണ്.

ഹുദൂർ അൻവർ: ഇക്കാര്യം കേന്ദ്രത്തിന് അറിവുണ്ടാകേണ്ടതാണ്. മർക്കസിനെ അറിയിക്കുക.

ഇന്തൊനേഷ്യയിലെ ഒരു വാഖിഫെനൗ: മാസ്റ്റേഴ്‌സിൽ എനിക്ക് ഡിഗ്രിപ്പഠനം തുടരാമോ?

ഹുദൂർ അൻവർ: മാസ്റ്റേഴ്‌സ് പഠനം പൂർത്തിയാക്കുക. എന്നാൽ, കേന്ദ്രത്തെ അറിയിച്ചിരിക്കേണ്ടതാണ്. അപ്ഡേറ്റ് തുടരുക.

സെക്രട്ടറി വഖിഫെനൗ: ഇന്തോനേഷ്യയിലെ 60-ലധികം വഖിഫെനൗ കുട്ടികൾ സ്വന്തം ബാച്ചിലർ ഡിഗ്രി പൂർത്തിയാക്കിയിട്ടുണ്ട്. ഇവരെല്ലാവരും ഇന്തോനേഷ്യൻ അമീർ സാഹിബിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ഹുദൂർ അൻവർ: ഡിഗ്രി പഠനം പൂർത്തിയാക്കി എന്ന വിവരം മർക്കസിനെ അറിയിക്കുക. 60 പേരും ഗ്രാജ്വേറ്റായി എന്നറിയിക്കുക. ജമാഅത്തിന് സേവനം ചെയ്യാനാണോ അതോ സ്വന്തം ജോലി ചെയ്യാനാണോ ആഗ്രഹിക്കുന്നതെന്ന് വ്യവസ്ഥാപിതമായി ഓരോരുത്തരോടും ചോദിക്കുക. ജമാഅത്തിന് സേവനം ചെയ്യാനാഗ്രഹിക്കുന്നവരുടെ ലിസ്റ്റ് അമീർ സാഹിബ് മർക്കസിലേക്ക് അയക്കേണ്ടതാണ്. ജമാഅത്തിന് എവിടെയെല്ലാമാണ് സേവനത്തിന് ആവശ്യമുള്ളതെന്ന കാര്യവും അറിയിക്കുക. സേവനത്തിനുള്ള ഫീൽഡില്ലെങ്കിൽ അതും വ്യക്തമായെഴുതി അറിയിക്കുക. ശേഷം മർക്കസിന് എവിടെ ഇവരുടെ സേവനം എടുക്കണമെന്ന് തീരുമാനിക്കാൻ കഴിയും. അല്ലെങ്കിൽ ഇപ്പോൾ സ്വന്തം ജോലി തുടരാൻ അവരോടു പറയാനും കഴിയും.

ഒരു വാഖിഫെനൗ യുവാവ്: എല്ലാ മതങ്ങളിലും വെച്ച് ഏറ്റവും നല്ലത് ഇസ്ലാമാണ്.

ഹുദൂർ അൻവർ: എല്ലാ മതങ്ങളിലുംവെച്ച് ഏറ്റവും നല്ലത് ഇസ്ലാമാണെന്നത് നമ്മുടെ വിശ്വാസമാണ്. ഇത് അവസാനത്തെ പരിപൂർണ മതമാകുന്നു. ദീൻ അഥവാ മതം പരിപൂർണ്ണമാണ്. വിശുദ്ധ ഖുർആൻ അവസാനത്തെ ഗ്രന്ഥമാണ്. നബിﷺതിരുമേനി അവസാനത്തെ നബിയാണ്. ആ മഹാത്മാവിനുശേഷം ശരീഅത്തുംകൊണ്ട് ഒരു നബിയും വരുന്നതല്ല. എന്നല്ല ശരീഅത്ത് വാഹിയല്ലാത്ത നബി വരാവുന്നതാണ്. നബിﷺതിരുമേനി ഇതു സംബന്ധമായി ദീർഘദർശനവും നല്കിയിട്ടുണ്ട്: ഒരു കാലഘട്ടം വരും. ഇസ്ലാമിന്റെ പേരുമാത്രം അവശേഷിക്കും. ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ ജീവിതത്തിലില്ലാതാകും. മസ്ജിദുകൾ ജനനിബിഡമാകുമെങ്കിലും ഹിദായത്ത് അഥവാ സന്മാർഗം അതിലുണ്ടാകുകയില്ല. അക്കാലഘട്ടത്തിലെ പണ്ഡിതന്മാർ ആകാശത്തിൻ കീഴിൽ നികൃഷ്ട ജീവികളായിരിക്കും. കുഴപ്പങ്ങൾ അവരിൽനിന്നുണ്ടാകുകയും അവരിലേക്കുതന്നെ മടങ്ങുകയും ചെയ്യും. അക്കാലഘട്ടത്തിൽ അല്ലാഹു ഒരു നബിയെ നിയോഗിക്കും. മസീഹും മഹ്ദിയും വരും. നിങ്ങളദ്ദേഹത്തെ സ്വീകരിക്കണമെന്നും തന്റെ സലാം എത്തിക്കണമെന്നും നബിﷺതിരുമേനി നിർദ്ദേശിച്ചു.

നബിﷺതിരുമേനിയുടെ ദീർഘദർശനമനുസരിച്ച് വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽഖാദിയാനിﷺന്റെ രൂപത്തിൽ നിയോഗിതരായി എന്നതാണ് നമ്മുടെ വിശ്വാസം. 1889-ൽ ആ മഹാത്മാവ് ജമാഅത്തിന് അടിത്തറപാകി. ശരീഅത്ത് വാഹിയല്ലാത്ത നബിയാണ് അദ്ദേഹമെന്ന് നമ്മൾ വിശ്വസിക്കുന്നു. മറ്റു മുസ്‌ലിമീങ്ങൾ ഇതംഗീകരിക്കുന്നില്ലെന്ന് മാത്രമല്ല അവർ നിഷേധിക്കുകയാണ് ചെയ്യുന്നത്. നമ്മൾ വാഗ്ദത്ത മഹ്ദീ മസീഹെന്ന് വിശ്വസിക്കുമ്പോൾ മറ്റുള്ളവർ ഇപ്പോഴും മസീഹ് ആകാശത്തിൽനിന്നിറങ്ങുമെന്ന പ്രതീക്ഷയിലാണുള്ളത്. വരേണ്ട വ്യക്തി വന്നു കഴിഞ്ഞുവെന്നാണ് നമ്മൾ വിശ്വസിക്കുന്നത്. ഇനി ആകാശത്തിൽനിന്ന് ആരും വരുകയില്ല. എല്ലാ മനുഷ്യരും മരിച്ചുപോകുന്നുമെന്ന് വിശുദ്ധ ഖുർആൻ പറയുന്നു:കുല്ലു നഫ്സിൻ ദായിക്കത്തുൽ മൗത്ത് ഓരോ വ്യക്തിയും മരണത്തിന്റെ രുചി ആസ്വദിക്കുന്നതാണ്. ഹദ്റത്ത് ഈസായുംﷺ മരിച്ചുപോയിരിക്കുന്നു. നബിﷺതിരുമേനിയുടെ ദീർഘദർശനമനുസരിച്ച് ഹദ്റത്ത് വാഗ്ദത്ത മസീഹിൽﷺ വിശ്വാസം അർപ്പിച്ചുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മൾ നേരായ മാർഗത്തിലാണ്. സന്മാർഗ പ്രാപ്തരാണ്. ഹദ്റത്ത് വാഗ്ദത്ത മസീഹ്ﷺന് ഒരു വെളിപാടുണ്ടായി: "ഭൂമുഖത്തുള്ള എല്ലാ മുസ്‌ലിമീങ്ങളേയും ഒരേ ദീനിൽ ഒരുമിച്ചു കൂട്ടുക." *(ബദ്ർ ഉർദു, വാല്യം 2, ലക്കം 37. നവംബർ 24, 1905)*

ഏക ദീൻ ഇസ്ലാമാണ്. ഈ സന്ദേശം വ്യാപിപ്പിക്കുകയെന്നത് ഇനി വാഖിഫീനെനൗയിന്റെ കർത്തവ്യമാണ്. അഹ്മദിയ്യത്ത് എന്ന യഥാർഥ ഇസ്ലാമിന്റെ, യഥാർഥവും സ്വച്ഛവുമായ അധ്യാപനത്തെ വ്യാപിപ്പിക്കുക. ലോകത്താകമാനം അഹ്മദിയ്യാ ജമാഅത്ത് ഇസ്ലാമിന്റെ യഥാർഥ സന്ദേശം വ്യാപിപ്പിച്ചു കൊണ്ടിരിക്കുന്നു. ലക്ഷക്കണക്കിന് മുസ്‌ലിമീങ്ങൾ

ശേഷം പേജ് 11 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin